ത്രൈമാസിക

പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക മുഖപത്രം

പരിശുദ്ധ പിതാവിന്റെ
103 –ാം ഓർമ്മ
(പാമ്പാക്കുട ചെറിയ പള്ളി)



പ. ബസേലിയോസ് പൗലോസ്
പ്രഥമൻ കാതോലിക്കാബാവയുടെ
103 –ാം ഓർമ്മ

പ. കുറിയാക്കോസ് മാർ ഗ്രിഗോറിയോസ്
മെത്രാപ്പോലീത്തയുടെ
51 –ാം ഓർമ്മ

പ. ബസേലിയോസ് മാർത്തോമാ ദിദിമോസ്
പ്രഥമൻ കാതോലിക്കാബാവയുടെ
2 –ാം ഓർമ്മ

കാതോലിക്കേറ്റ് രത്നദീപം
ഗീവർഗീസ് മാർ പീലക്സിനോസ്
മെത്രാപ്പോലീത്തയുടെ 65–ാം ഓർമ്മ



ഗീവർഗീസ് മാർ ഇവാനിയോസ്
മെത്രാപ്പോലീത്തയുടെ 3–ാം ഓർമ്മ

ആചാര്യേശാ മിശിഹാ
കൂദാശകളർപ്പിച്ചോരീ
ആചാര്യന്മാർക്കേകുക
പുണ്യം നാഥാ സ്തോത്രം

പരിശുദ്ധ കാതോലിക്കാ ബാവയിൽനിന്നും
ഭദ്രാസന മെത്രാപ്പോലീത്ത
6–ാം മാർത്തോമ്മാ അവാർഡ് ഏറ്റുവാങ്ങുന്നു

AGMARK
GRADE STANDARD
അഗ്മാർക്ക്
അംഗീകരിച്ച ഗുണമേന്മ

പ്രിയ
പ്രതിഭ
കറിപൗഡറുകൾ

Factory at
Prathibha Spices & Condiments
Kinfra, Nellad
Ph: 0484-2767220.
Mob: 9947641333, 9946560683

OUR PRODUCTS

മുളകുപൊടി, മല്ലിപ്പൊടി, കാശ്മീരി മുളകുപൊടി, മഞ്ഞൾപ്പൊടി, സാമ്പാർ പൊടി, രസം പൊടി, കുരുമുളക് പൊടി

കറിമസാല, മീൻകറി മസാല, മീൻഫ്രൈ മസാല, മീറ്റ് മസാല, ചിക്കൻ മസാല, പിക്കിൾ പൗഡർ, ഗരം മസാല

ഇതിൽനിന്നുള്ള വരുമാനം കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ
സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളായ പ്രതീക്ഷ, പ്രശാന്തി, പ്രത്യാശ,
പ്രമോദം അന്നദാനപദ്ധതി എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു.

പ്രദീപ്തി

വാല്യം: 3 ലക്കം: 1 മെയ് 2016 ₹ .20

പ്രസാദം സെന്റർ
കോലഞ്ചേരി – 682 311
kandanadwest.org@gmail.com

ദളങ്ങളിൽ

3 പത്രാധിപക്കുറിപ്പ്
ഫാ. ജോൺ കുര്യാക്കോസ്

4 കൂദാശകളുടെ സാംഗത്യം
ഡോ. മാത്യൂസ് മാർ സേവേറിയോസ്

7 സൈലന്റ്
ഫാ. സഖേർ

8 പരി. പാമ്പാടി തിരുമേനി

9 വി. മാമോദീസ
ഫാ. ഡോ. ബേബി വർഗീസ്

15 കുട്ടികളും മാനസിക വളർച്ചയും
ഫാ. ഡോ. തോമസ് ചകിരിയിൽ

17 ഭദ്രാസനാധിപന്മാർ
ഫാ. ഡോ. ഒ.പി. വർഗീസ്

19 സുറിയാനി ഭാഷ പരിചയം
ഫാ.വർഗീസ് പി. വർഗീസ്

20 ആരാധനാഗീതങ്ങൾ - പഠനം
ആരാധനാഗീതങ്ങളുടെ അർത്ഥവും വേദപുസ്തക അടിസ്ഥാനവും
ഫാ. വർഗീസ് പി. വർഗീസ്

21 ബാലസമാജം
ഏകാന്തതാരകം & പശ്ചാത്തപം
അന്ന റോയ് & മെറിൻ എൽദോ

22 ഒരു വൃദ്ധന്റെ അതിശകരമായ മറുപടി
ഗ്രിഗറി ബേബി

23 ചിരിമരം
ഡോ.ജെ.കെ.എസ്.വീട്ടൂർ

24 സണ്ടേസ്കൂൾ
ദൈവം എന്റെ പരമാനന്ദം
ക്രിസ്റ്റി വർഗീസ്

25 ബൈബിൾ ക്വിസ്
വെ.റവ. പി.യു. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ

26 ഭദ്രാസന വാർത്തകൾ

ഉപദേശകസമിതി

വെരി.റവ. പി.യു. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ
റവ.ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്
റവ. ഫാ. ഡോ. ജേക്കബ് കുര്യൻ
റവ. ഫാ. എബ്രഹാം പാലപ്പിള്ളിൽ
റവ. ഫാ. സി.എം. കുര്യാക്കോസ്
റവ. ഫാ. ജോൺ വർഗീസ്
ഡോ. ജെ.കെ.എസ്. വീട്ടൂർ
റവ. ഫാ. ഡോ. ടി.ജെ. ജോഷ്വാ
റവ. ഫാ. ഡോ. കെ.എം. ജോർജ്ജ്
റവ. ഫാ. ജേക്കബ് കുര്യൻ ചെമ്മനം
ശ്രീ. ചെമ്മനം ചാക്കോ

പത്രാധിപസമിതി

പ്രസിഡന്റ്
അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

വൈസ് പ്രസിഡന്റ്
റവ.ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

ചീഫ് എഡിറ്റർ
റവ. ഫാ. ജോൺ കുര്യാക്കോസ്

എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്
റവ. ഫാ. റ്റി.പി. കുര്യൻ
റവ. ഫാ. ഗീവർഗീസ് ജോൺ
റവ. ഫാ. സക്കറിയ ജോൺ
റവ. ഫാ. ലൂക്കോസ് തങ്കച്ചൻ
ഡോ. വി.എം. മാത്യു
ശ്രീ. പി.തോമസ്

സബ് എഡിറ്റർ
റവ. ഫാ. വർഗീസ് പി. വർഗീസ്

പബ്ലീഷർ
റവ. ഫാ. ഡോ. ഒ.പി. വർഗീസ്

ചീഫ് സർക്കുലേഷൻ മാനേജർ
റവ. ഫാ. എബ്രഹാം കെ. ജോൺ

സർക്കുലേഷൻ മാനേജർമാർ
റവ. ഫാ. ജോസഫ് മലയിൽ
റവ. ഫാ. കുര്യൻ ചെറിയാൻ
റവ. ഫാ. ഗീവർഗീസ് ജോൺസൺ
ശ്രീ. വർഗീസ് കരിപ്പാടം

ട്രഷറർ
റവ. ഫാ. യാക്കോബ് തോമസ്

ഓഫീസ് സെക്രട്ടറി
Br. ജിതിൻ മാത്യു ഫിലിപ്പ്

പ്രദീപ്തി ഇടവക പ്രതിനിധികൾ

1. സെന്റ് മേരീസ് കാതോലിക്കേറ്റ് സെന്റർ, പെരുവ
ജിബു എം. പൗലോസ് (9349771185)
2. സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്ത ഡോക്സ് സിറിയൻ ചർച്ച്, പാറേൽ
അനീഷ് ജോർജ്ജ് വർഗീസ് (9446342715)
3. മാർ ബഹ്നാൻ ഓർത്തഡോക്സ് സിറിയൻ ചർച്ച്, തേവനാൽ - പൗലോസ് എം.വി. (9446042768)
4. സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, കർമ്മേൽകുന്ന്.
ബേസിൽ കെ. സാബു (8547845898)
5. സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, പെരുമ്പടവം. ജെറിൽ സണ്ണി (9567955346)
6. മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്റർ, പിറവം . അജോൺസ് ജെയിംസ് (9656702737)
7. സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, ഇടമറുക് - ബേബി എം.എം. (9544762149)
8. സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളി, കിഴുമുറി - എൽദോ കുര്യാക്കോസ് (9544887718)
9. മാർ ഔഗേൻ ഓർത്തഡോക്സ് സിറിയൻ ചർച്ച്, മറവംതുരുത്ത് - സജീവ് ടി.ജി. (9496319417)
10. സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, ഊരമന - ക്രിസ്റ്റോ എബ്രഹാം (9847303473)
11. സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, മൂലമറ്റം - ജോയി ടി.എ. (8281582627)
12. സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, കടമറ്റം - പൗലോസ് എസ്.വി. (9562892816)
13. സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, മുട്ടം - ബിനോയ് കെ. തോമസ് (9847974194)
14. സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളി, പാമ്പാക്കുട - നിഖിൽ കെ. ജോയി (9747268598)
15. സെന്റ് തോമസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, പാമ്പാക്കുട - ബേസിൽ ബാബു (9496486884)
16. സെന്റ് തോമസ് കാതോലിക്കേറ്റ് സെന്റർ, നെച്ചൂർ
ഫാ. ജോസഫ് മങ്കിടിയിൽ (9446665430)
17. സെന്റ് ജോൺസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, പുതുവേലി. സണ്ണി കെ.എം. (9400845418)
18. സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്ത ഡോക്സ് സിറിയൻ ചർച്ച്, കോലഞ്ചേരി.
കുഞ്ഞുമോൻ തോമസ് (9387585017)
19. സെന്റ് ജോർജ്ജ് സെഹിയോൻ ഈസ്റ്റ് ഓർത്ത ഡോക്സ് സിറിയൻ ചർച്ച്, കുന്നയ്ക്കാൽ.
ജിജോ രാജൻ (9526886902)
20. സെന്റ് മേരീസ് കത്തീഡ്രൽ, മണ്ണൂക്കുന്ന്.
എൽദോസ് പുള്ളോർ മഠം (9961344461)
21. മാർ യൂഹാനോൻ ഈഹിദിയോ ഓർത്തഡോക്സ് സിറിയൻ ചർച്ച്, മുളക്കുളം.
തങ്കച്ചൻ തൈക്കൂട്ടത്തിൽ (9446444965)
22. സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്ത ഡോക്സ് സിറിയൻ ചർച്ച്, പുത്തൻകുരിശ്.
പോൾസി ബേബി (9496575533)
23. സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, കുന്നയ്ക്കാൽ വെസ്റ്റ്,
എം.സി. മത്തായി (9847673277)
24. സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, കണ്ടനാട്. വെ. റവ. ഐസക്ക് മട്ടുമ്മേൽ കോർ എപ്പിസ്കോപ്പ (9447701411)
25. സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, വലമ്പൂർ - കെ.വി. തോമസ് (9745999835)
26. സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളി, ഓണക്കൂർ. കുര്യാക്കോസ് കെ.കെ. (9446745501)
27. സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, ആട്ടിൻകുന്ന്. എം.സി. തോമസ് (9446044410)

ഫാ. ജോൺ കുര്യാക്കോസ്
ചീഫ് എഡിറ്റർ

ഒരു പാരമ്പര്യ കഥ. ശിഷ്യന്മാരെല്ലാം ഗുരുവിനൊപ്പം ഉണ്ടായിരുന്നു. അവർക്ക് അനേകം സംശയങ്ങൾ. എല്ലാ സംശയങ്ങൾക്കും ഗുരു ഉത്തരം നല്കി. അവസാനം ഗുരു ചോദിച്ചു; ഇനി ആർക്കെങ്കിലും സംശയം ബാക്കിയുണ്ടോ?

"ഇല്ല" എന്ന് എല്ലാവരും മറുപടി നല്കി. എന്നാൽ അതിൽ ഒരുവൻ മാത്രം മിണ്ടാതിരിക്കുന്നത് ഗുരു കണ്ടു.അവനോട് ഗുരു ചോദിച്ചു;

"എന്താ നീയൊന്നും മിണ്ടാത്തത്".

അവൻ വായ തുറന്നില്ല.

"എന്താ നിന്റെ സംശയം?" ഗുരു വീണ്ടും ചോദിച്ചു.

മടിച്ചു മടിച്ച് അവൻ ചോദിച്ചു, "ഞാനെന്നാണ് ഒരു ഗുരുവായി മാറുക?".

ആ ചോദ്യം കേട്ട് മറ്റ് ശിഷ്യർ മുറുമുറുത്തു. തങ്ങളുടെ സഹശിഷ്യന് ഇത്രയും അഹങ്കാരമോ? ഒരു ശിഷ്യനായി അനുസരിച്ച് കഴിയുന്നതിന് പകരം അവനിപ്പോ ഗുരുവാകണോ? അവരുടെ ചിന്തകൾ അങ്ങനെയായി.

ഗുരു ഇതിനൊന്നും പ്രതികരിച്ചില്ല. അദ്ദേഹം കണ്ണടച്ച് മൗനമായി ധ്യാനിച്ചിരുന്നു. അല്പനേരം കഴിഞ്ഞ് ഗുരു സ്വതഃസിദ്ധമായ പുഞ്ചിരിയോടെ ചോദ്യം ചോദിച്ച ശിഷ്യനോടായി തുടർന്നു.

നിന്റെ സംശയം ശരി തന്നെ. നീയും ഗുരുവായി മാറേണ്ടവനാണ്. പക്ഷേ അതിനുള്ള സങ്കീർണ്ണമായ രൂപാന്തരത്തിന്റെ കടമ്പകൾ നീ കടന്നേ പറ്റൂ. അതിന് എല്ലാവരും ഉറങ്ങുമ്പോഴും ഉണർന്നിരിക്കുന്നവനാകണം നീ. എല്ലാവരും വിനോദം തേടിപ്പോകുമ്പോൾ വിജ്ഞാനം അന്വേഷിക്കുന്നവനാകണം നീ. എല്ലാവരും കരയുമ്പോൾ ആശ്വസിപ്പിക്കുന്നവനാകണം നീ. എല്ലാവരും ചിരിക്കുമ്പോൾ ചിരിക്കുശേഷം എന്തെന്ന് ചിന്തിക്കുന്നവനാകണം നീ. എല്ലാവരും താഴ്‌വരകളിൽ അലയുമ്പോൾ അവരെ വഴിതെളിച്ചുകൊണ്ട് മലമുകളിലേക്ക് കയറ്റുന്നവനാകണം. എല്ലാവരും ഹൃദയത്തിൽ ദുഷ്ടത നിരൂപിക്കുമ്പോൾ നന്മകൊണ്ട് ഹൃദയങ്ങളെ കീഴടക്കുന്നവനാകണം. അതിന് നീ രൂപാന്തരപ്പെട്ടേ മതിയാവൂ. "അപ്പോൾ നീ ഗുരുവായിത്തീരും".

നന്മയുടെ ഭണ്ഡാരം മനുഷ്യ ഹൃദയത്തിൽ ഉണ്ടെങ്കിലേ ഈയൊരു രൂപാന്തരം സാധ്യമാകൂ. ഹൃദയമെന്ന മൂന്ന് അക്ഷരത്തിൽ ഒരുപാട് കാര്യങ്ങളുണ്ട്. സുഖ-ദുഃഖങ്ങളുടേയും ഗുണദോഷങ്ങളുടേയും കലവറയാണ് അത്, അളന്നെടുക്കാൻ പറ്റാത്ത നന്മയുടെ ഉറവകൾ ഓരോ ഹൃദയത്തിലുമുണ്ട്. അത് ചിന്തയിലൂടെയും വാക്കിലൂടെയും പ്രവർത്തിയിലൂടെയും സ്നേഹത്തിന്റെ പ്രവാഹമായി അപരന് /പ്രപഞ്ചത്തിന് ജീവൻ പകരണം. സ്നേഹത്തിന്റെ അഭാവം, ഒരുവന്റെ വ്യക്തിത്വത്തെ വികലമാക്കുമെന്നതിന് സംശയമില്ല. ഹൃദയമില്ലാത്തവരെന്നോ മനുഷ്യത്വമില്ലാത്തവരെന്നോ ചിലരേക്കുറിച്ചെങ്കിലും തോന്നാൻ ഇടയാക്കുന്നത് ഇതുകൊണ്ടാണ്. സ്നേഹത്തിന്റെ പ്രാണവായു ഇല്ലാതെ മരവിച്ച മനസ്സുകൾക്ക് ഒരിക്കലും ജീവൻ പകരാനാവില്ല. തളർന്നും തകർന്നും പോകാവുന്ന മനസ്സുകളിൽ മൃതസഞ്ജീവനിപോലെ ജീവന്റെ തുടിപ്പാവുക. ഒരു നോട്ടം, പുഞ്ചിരി, കനിവുള്ളൊരു വാക്ക്, പ്രോത്സാഹനപരമായ ഇടപെടൽ. ഇതെല്ലാം സമൂഹത്തിലെ ഓരോ അണുവിലും പ്രകാശം പകർത്തുന്നു.

"ദൈവമേ, ഈ ജീവിതയാത്രയിൽ തിക്തമായതിനെ നിയന്ത്രിച്ച് മനസ്സിനെ നിർമ്മലമാക്കാനുള്ള കൃപ നല്കണേ" എന്ന് പ്രാർത്ഥിക്കാം.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. അവർ ദൈവത്തെ കാണും.

കൂദാശകളുടെ സാംഗത്യം

ഡോ. മാത്യൂസ് മാർ സേവേറിയോസ്

വി. മാമോദീസ

ആദാമിൽ കൂടി വികലമാക്കപ്പെട്ട ദൈവസ്വരൂപം ലഭിക്കുന്ന ഓരോ മനുഷ്യനും അത് പൂർത്തീകരിക്കപ്പെട്ട് ക്രിസ്തുവിന്റെ രക്ഷണ്യപ്രവർത്തിയുടെ ഫലം സ്വായത്തമാക്കി, ക്രിസ്തുവിന്റെ ശരീരമായ സഭയിലേക്കുള്ള പ്രവേശന ശുശ്രൂഷയാണ് വി. മാമോദീസാ. ക്രിസ്തുവിനോടു ചേരുന്ന സ്നാനമാണത് ക്രിസ്തുവിന്റെ മരണത്തിലും ഉയിർത്തെഴുന്നേൽപ്പിലും പങ്കാളിയാകുവാൻ മാമോദീസാ വെള്ളത്തിൽ ഇറങ്ങി വി. ത്രിത്വത്തിന്റെ നാമത്തിൽ മാമോദീസ ഏറ്റ് പുറത്തുവരുന്നു. മാമോദീസാ വെള്ളം പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് പുതിയ മനുഷ്യനെ ധരിപ്പിക്കുന്നു. പ്രായം മാമോദീസായുടെ കൃപ പ്രാപിക്കുവാൻ ഒരു വ്യവസ്ഥ അല്ലാത്തതിനാൽ ശിശു മുതൽ ഏതു പ്രായത്തിൽ ഉള്ളവരെയും സഭ ആദ്യം മുതലേ മാമോദീസ മുക്കി ക്രിസ്തുവിനോട് യോജിപ്പിച്ച് സഭയിലേക്കു പ്രവേശനം നല്കിക്കൊണ്ടിരിക്കുന്നു.



വി. മൂറോനഭിഷേകം

മാമോദീസായും മൂറോനഭിഷേകവും വി. കുർബ്ബാനാനുഭവവും ഓർത്തഡോക്സ് സഭയിൽ ഒരുമിച്ചു നടത്തുന്നു. ക്രിസ്തുവിനോടു ഒട്ടിച്ചേർക്കപ്പെട്ട മാമോദീസായും, പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച് പരിശുദ്ധാത്മ നൽവരങ്ങൾക്ക് യോഗ്യമാക്കുന്ന വി. മൂറോനഭിഷേകവും സഭയുടെ അംഗത്വ പൂർണ്ണതയ്ക്ക് ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളും, ഒരേ സമയത്തു നല്കുന്നു. വി. മൂറോൻ കൊണ്ട് അഭിഷേകം പ്രാപിച്ച് പരിശുദ്ധാത്മ മുദ്രപ്രാപിക്കുകയും വിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണത്തിൽ കൂടി ക്രിസ്തുവിന്റെ ആട്ടിൻ കൂട്ടത്തിലെ അംഗവും സൈന്യത്തിലെ ഭടനുമായി സഭ ഈ പുതിയ സഭാംഗത്തെ സ്വീകരിക്കുന്നു. പഴയനിയമത്തിൽ അഹറോനെ പൗരോഹിത്യ ശുശ്രൂഷയ്ക്കുവേണ്ടി പൂശുവാനുള്ള അഭിഷേക തൈലം പോലെ സഭ പ്രത്യേകമായി കൂദാശ ചെയ്തെടുക്കുന്ന വി.മൂറോൻ കൊണ്ടുള്ള അഭിഷേകം സ്നാനാർത്ഥിയെ ക്രിസ്തുവിന്റെ പൊതുപൗരോഹിത്യത്തിൽ കൂട്ടിച്ചേർക്കുന്നു.

വി. കുർബ്ബാന

സഭയുടെ ഏറ്റവും പ്രാധാന്യമുള്ള കൂദാശയാണ് വി. കുർബ്ബാന. സഭയുടെ ജീവൻ അടിസ്ഥാനപ്പെട്ടിരിക്കുന്ന കൂദാശ. സഭ ക്രിസ്തുവിന്റെ ശരീരവും പരിശുദ്ധാത്മ മന്ദിരവും മണവാട്ടിയും ദൈവജനവുമായി ഒരേസമയത്തു ആവിഷ്ക്കരിക്കപ്പെടുന്ന കൂദാശ; മർത്യനായ മനുഷ്യന് അമർത്യതയുടെ ഔഷധവും പരിശുദ്ധാത്മ പുതുക്കത്തിന്റെ സന്ദർഭവും. ഇത് ദൈവരാജ്യ വിരുന്നാകുന്നു. ക്രിസ്തുവിന്റെ രക്ഷണ്യ പ്രവർത്തനത്തെ മുഴുവനായി ഓർമ്മിച്ച് സഭാംഗങ്ങൾ അവയിൽ സജീവമായി നിലകൊള്ളുന്ന ക്രിസ്തു ചരിത്രത്തിന്റെ വർത്തമാനകാലാവിഷ്ക്കാരം, വ്യക്തിയുടെ ആത്മശരീരമനസ്സുകളെ സമഗ്രമായി രൂപാന്തരപ്പെടുത്തുന്ന സാക്ഷാൽ ഭക്ഷണം. ക്രിസ്തുവിനോടും അംഗങ്ങൾ പരസ്പരവും സംയോജിക്കപ്പെടുന്ന ദൈവസ്നേഹത്തിന്റെ ആവിഷ്ക്കാര യാഥാർത്ഥ്യം. ക്രിസ്തുവിന്റെ അന്ത്യ അത്താഴത്തിന്റെ തുടർച്ചയുടെ അപ്പോസ്തോലിക ശുശ്രൂഷ. മറ്റെല്ലാ കൂദാശകളെയും പൂർത്തീകരിക്കുന്ന കൂദാശകളുടെ മകുടം. പിതാവും പുത്രനും പരിശുദ്ധാത്മാവും നമ്മോടു കൂടെ ആയിത്തീരുന്ന ദിവ്യാനുഭവം. കന്യകയിൽ ജനിച്ച ക്രിസ്തുവിനെ ആത്മശരീരമനസ്സുകളുടെ കന്യകാത്വത്തിൽ ഉപവാസത്തോടെ സഭാംഗം സ്വീകരിക്കുന്ന ശ്രേഷ്ഠ കൂദാശ. വിശ്വാസ ഐക്യത്തിലുള്ള എനിക്കും എൻ വീട്ടുകാർക്കും മാത്രം പങ്കുവയ്ക്കപ്പെടുന്ന ക്രിസ്തുവിന്റെ സ്നേഹവിരുന്ന്.

വി. കുമ്പസാരം

വി. മാമോദീസായിൽക്കൂടി വിശുദ്ധ ജീവിതത്തിലേക്ക് പ്രവേശിക്കപ്പെടുന്നവർ ചെങ്കൽ കടന്ന് മരുഭൂമിയിലെ യാത്രയ്ക്കായി സജ്ജരാക്കപ്പെട്ട യിസ്രായേൽക്കാരെപ്പോലെ വാഗ്ദത്ത കനാനിൽ ക്രിസ്തുവിന്റെ രണ്ടാം വരവു വരെ ഈ ഭൂമിയിലൂടെ യാത്ര ചെയ്യുന്ന വിശ്വാസികൾ പരിശുദ്ധാത്മാവാകുന്ന മേഘസ്തംഭത്തിലും അഗ്നിസ്തംഭത്തിലും കൂടി നയിക്കപ്പെടുന്നവരെങ്കിലും പാപത്തിന്റെ കുഴിയിൽ വീഴുവാനുള്ള സാദ്ധ്യത എപ്പോഴുമുണ്ട്. പാപത്തിന്റെ കുഴിയിൽ നിന്നും കരയ്ക്കുകയറ്റി വീണ്ടും യാത്ര തുടരുവാൻ ക്രിസ്തീയ വിശ്വാസിയെ പുതുതായി സജ്ജീകരിക്കുന്ന കൂദാശയാണ് വി. കുർബ്ബാന. ക്രിസ്തുവിലുള്ള പുതുജീവൻ മാമോദീസായിലും വി. മൂറോൻ അഭിഷേകത്താലും വി. കുർബ്ബാനാനുഭവത്താലും നേടിയെടുത്ത വിശ്വാസി, ലൗകിക മോഹങ്ങൾക്കു വശംവദരായി പാപരോഗത്തിൽ വീണുപോവുമ്പോൾ ആ രോഗത്തിൽ നിന്നും പാപം മോചിച്ച് സൗഖ്യം ലഭിച്ച് അരോഗദൃഢഗാത്രനായിത്തീരുവാനുള്ള സൗഖ്യദാന ശുശ്രൂഷയാണിത്. അനുതപിക്കുന്ന പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉള്ളതിനാൽ പാപം ചെയ്ത് കാണാതെ പോയ ആടിനെ അന്വേഷിക്കുന്ന ഇടയന് ആടിന്റെ അനുതാപത്തിലൂടെ അവനെ കണ്ടെത്തുമ്പോഴുള്ള ഇടയന്റെ സന്തോഷം അവാച്യം തന്നെ. നീതിമാനായ ദൈവം സ്നേഹവും കരുണയുമുള്ള വൈദ്യനാണ്. പാപം ഒരു കുറ്റമെന്നതിനേക്കാൾ രോഗമെന്ന് പിതാക്കന്മാർ കരുതുന്നു. നല്ല വൈദ്യനായ ക്രിസ്തുവിന്റെ പ്രതിനിധിയായ പട്ടക്കാരൻ, കുമ്പസാരം കഴിഞ്ഞ സഭാംഗത്തിന് ആരോഗ്യം വീണ്ടെടുക്കുവാൻ വി. കുർബ്ബാനാനുഭവും, വീണ്ടും പെട്ടെന്ന് ആ പാപങ്ങളിലേക്ക് തിരിച്ചു പോകാതിരിക്കുവാൻ ഓർമ്മപ്പെടുത്തലിനായി കുമ്പിടീൽ, വേദവായന, ദാനധർമ്മങ്ങൾ മുതലായ ഉപപോഷണ മരുന്നുകളും നിർദ്ദേശിക്കും.

പൗരോഹിത്യം

ക്രിസ്തു മഹാപുരോഹിതനായതിനാൽ മാമ്മോദീസായേറ്റ് ക്രിസ്തുവിനോട് ചേരുന്നവരെല്ലാം രാജകീയ പുരോഹിതവർഗ്ഗമായി ക്രിസ്തുവിന്റെ പൊതു പൗരോഹിത്യത്തെ പ്രാപിക്കുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യ ശുശ്രൂഷ തുടരുവാൻ പ്രത്യേക പുരോഹിതന്മാരായി അപ്പോസ്തോലന്മാരെ ക്രിസ്തുവിന്റെ ശിഷ്യഗണങ്ങളിൽ നിന്ന് വേർതിരിച്ചെടുത്ത് വി. കുർബ്ബാന അനുഷ്ഠിക്കുവാനും പാപം മോചിപ്പിക്കുവാനും മാമോദീസാ മുക്കുവാനും സകല ജാതികളെയും ശിഷ്യരാക്കുവാനും സൗഖ്യദാന ശുശ്രൂഷകൾ നിർവ്വഹിക്കുവാനും ചുമതലപ്പെടുത്തി. അപ്പോസ്തോലിക പിൻതുടർച്ചക്കാരായി പുരോഹിതന്മാർ ഈ ദൗത്യം സഭയിൽ നിർവ്വഹിക്കുന്നു. സുവി

ശേഷം ഘോഷിക്കുവാനും പഠിക്കുവാനും ആടുകളെ പോറ്റുവാനുമുള്ള ഇടയന്മാരായും വി. രഹസ്യങ്ങളുടെ പരികർമ്മികളായും സത്യ വിശ്വാസം സംരക്ഷിക്കുവാനും സഭയെ ക്രിസ്തുവിനോടു യോജിപ്പിച്ചു നിർത്തുവാനും അവർക്ക് ഉത്തരവാദിത്വമുണ്ട്. എന്നാൽ ഓരോ പുരോഹിതനും പൗരോഹിത്യ അധികാരം സഭയിൽ നിന്നും സഭയ്ക്കുവേണ്ടിയും സഭയ്ക്കുള്ളിലുമാണ്. യാതൊരു പൗരോഹിത്യ നൽവരവും സഭയ്ക്ക് അതീതമല്ല. പുതിയ നിയമകാലം മുതൽക്കേ സഭയിൽ എപ്പിസ്കോപ്പ, കശീശ്ശ, ശെമ്മാശൻ എന്നീ പൗരോഹിത്യ സ്ഥാനികൾ ഉണ്ട്. അതാതു ദൗത്യ നിർവ്വഹണത്തിനായി സഭ അവർക്ക് പൗരോഹിത്യ നൽവരം കൊടുക്കുന്നു. സഭ അവരിലും അവർ സഭയിലും പ്രതിജ്ഞാബദ്ധരാണ്.

വി.വിവാഹം

ക്രിസ്തീയവിവാഹം അദ്വിതീയമാണ്. നിത്യമാണ്. ദൈവരാജ്യസ്നേഹത്തിന്റെ പ്രക്ഷേപണമാണ്. ദൈവരാജ്യജീവിതത്തിന്റെ ഒരു ചെറുപതിപ്പായ കുടുംബജീവിതത്തിൽ രാജാവും രാജ്ഞിയുമായി വധൂവരന്മാരെ കിരീടം ധരിപ്പിക്കുന്നു. ക്രിസ്തു തന്റെ മണവാട്ടിയായ സഭയ്ക്ക് വിവാഹനിശ്ചയം ചെയ്യുവാൻ തന്റെ ശരീരരക്തങ്ങൾ അവർക്കു മോതിരമായി നല്കിയതുപോലെ വരനും വധുവിനും അവരുടെ വിവാഹനിശ്ചയത്തിന്റെ പ്രതീകമായി സഭ അവർക്കു മോതിരം നൽകുന്നു. ദൈവമാണ് ഏദൻതോട്ടത്തിലും ഇന്നും പുരുഷനെയും സ്ത്രീയെയും തമ്മിൽ യോജിപ്പിക്കുന്നതിനാൽ ദൈവം തന്നെയാണ് വിവാഹ ശുശ്രൂഷയുടെ പ്രധാന കാർമ്മികൻ. ദൈവത്തിന്റെ പ്രതിനിധി ആയി പട്ടക്കാരൻ വധുവിനും വരനും വിവാഹനിശ്ചയം ചെയ്ത് മോതിരം വാഴ്ത്തി അണിയിക്കുകയും കിരീടം വാഴ്ത്തി അണിയിച്ച് ഭാര്യാഭർത്താക്കന്മാരാക്കുകയും കുരിശിന്റെ അടയാളത്തിൽ അവരെ കൈപിടിപ്പിച്ച് കുരിശിലുള്ള സ്നേഹബന്ധത്തിൽ അവരെ ഒരു ശരീരമാക്കുകയും ചെയ്യുന്നു. വിവാഹശുശ്രൂഷയിലെ വിലയേറിയ ആഭരണങ്ങളും വസ്ത്രങ്ങളും വിവാഹത്തെ മനുഷ്യബന്ധങ്ങളിലെ ഏറ്റവും വലിയ ബന്ധമെന്ന് സൂചിപ്പിക്കുന്നു. വിവാഹത്തിന്റെ നിത്യത ക്രിസ്തുവും സഭയുമായുള്ള ബന്ധത്തിന്റെ ദൃഷ്ടാന്തത്തിൽ സൂചിപ്പിക്കുന്നു. ഭർത്താവ് ഭാര്യയെയും ഭാര്യ ഭർത്താവിനെയും ആത്മാർത്ഥമായി സ്നേഹിക്കുന്നിടത്ത് വലിപ്പച്ചെറുപ്പമോ മേലധികാരമോ വിധേയപ്പെടലോ പ്രശ്നമാകുന്നില്ല. യാഗവും ത്യാഗവും കിരീടത്തിന് അത്യന്താപേക്ഷിത വ്യവസ്ഥയാണ്. ഭർത്താവും ഭാര്യയും പരസ്പരം യാഗവും ത്യാഗവും അനുഷ്ഠിക്കുമ്പോൾ വിവാഹ ജീവിതവിജയം ലഭിക്കുമെന്നതുതന്നെ അവരുടെ കിരീടധാരണത്തിന്റെ സാരം.

വി. തൈലാഭിഷേകം

ശാരീരിക സൗഖ്യവും പാപമോചനവുമാണ് രോഗികളുടെ വി.തൈലാഭിഷേകത്തിന്റെ ഉദ്ദേശ്യം എന്ന് വി. യാക്കോബ് ശ്ലീഹാ രേഖപ്പെടുത്തി (യാക്കോ. 5:14-15). ശാരീരികമായോ ആത്മീയമായോ രോഗിയായിരിക്കുന്ന ഏതൊരു സഭാംഗത്തിനും ഏതു സമയത്തും സ്വീകരിക്കാവുന്ന ഒരു കൂദാശയാണിത്. ഇതിന് 'അന്ത്യകൂദാശ' യെന്നു പറയുന്നത് അജ്ഞതയിൽ നിന്നാണ്. രോഗത്തിൽ നിന്നും പാപമരണത്തിൽ നിന്നുമുള്ള മോചനത്തിനായി ഈ കൂദാശ നിർവ്വഹിക്കുന്നു. രോഗിക്ക് പാപങ്ങൾ ഏറ്റുപറയുവാൻ ആവശ്യവും ആരോഗ്യവുമുണ്ടെങ്കിൽ അത് നിർവ്വഹിക്കണം. എന്നാൽ അതിന്റെ അഭാവം സൗഖ്യദാന ശുശ്രൂഷയുടെ പരിശുദ്ധാത്മ കൃപയ്ക്കു തടസ്സമല്ല. അടിസ്ഥാനപരമായ ലക്ഷ്യം രോഗിയെ ദൈവരാജ്യാനുഭവത്തിൽ യഥാസ്ഥാനപ്പെടുത്തുക എന്നുള്ളതാണ്. മാത്രമല്ല, വി. തൈലാഭിഷേക ശുശ്രൂഷയിൽക്കൂടി ബലഹീനരെ കരുതുവാനും രോഗത്തിലും അനീതിയുടെ ഫലമായും ചൂഷണത്തിന് വിധേയരായും മർദ്ദിതരായും ദാരിദ്ര്യം അനുഭവിക്കുന്നവരായും വിവിധ തരത്തിൽ സമൂഹത്തിൽ അവശത അനുഭവിക്കുന്നവരായും പീഡനങ്ങൾ സഹിക്കുന്നവരായും അപമാനിതരായും ഉള്ളവരെ വീണ്ടെടുക്കുവാനുള്ള ക്രിസ്തീയ ദൗത്യബോധം ഈ ശുശ്രൂഷയിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നു. സമൂഹത്തിന്റെ രോഗങ്ങൾക്കു ഫലപ്രദമായ സൗഖ്യം നല്കുവാൻ സഭയ്ക്ക് ബാദ്ധ്യതയുണ്ട്.

സഖേർ

സൈലന്റ്

“If you want to climb a mountain begin at the top”

നിശ്ശബ്ദരായിരിക്കുന്നവർ എവിടേയ്ക്കാണ് സഞ്ചരിക്കുന്നത്? നമ്മോടധികം സംസാരിക്കാതെ അവർ ആരോടൊപ്പമാവും ഏറെ സമയം ചെലവഴിക്കുക. സുദീർഘ മൗനങ്ങൾക്ക് ശേഷം അവർ പറയുന്നതെല്ലാം സത്യം മാത്രമാണ് നിലനില്ക്കുന്നത് ദൈവ കല്പനകൾ മാത്രമാണ്. മോശ അങ്ങനെയായിരുന്നു. ഏലീയാവും യോഹന്നാനുമൊക്കെ അപ്രകാരം തന്നെ. അല്ലെങ്കിൽതന്നെ ദൈവ പുരുഷന്മാർ എന്തിനാവും പ്രാർത്ഥിപ്പാൻ ഉയർന്ന മലയിലേയ്ക്ക് കയറുക? തമ്പുരാന് പതിവായിരുന്നു മലയിലേയ്ക്കുള്ള പിൻവാങ്ങൽ! ദൈവപുരുഷന്മാരായ ഏലീയാവിന്റെയും ഏലീശയുടെയും പാർപ്പാകട്ടെ ഗിരിശിഖയിൽതന്നെ. ദൈവം പറയുമ്പോൾ മാത്രമാണ് അവർ ഇറങ്ങിവരിക. കിളിവാതിലിൽ നിന്ന് വീണുകിടക്കുന്ന അഹസ്യാവിന്റെ സേനാപതികൾ ഏലിയാവിനെ തേടിയെത്തിയത് മലമുകളിലേയ്ക്കാണ്. ദൈവം അനുവദിക്കുമ്പോൾ മാത്രമാണ് അവൻ ഇറങ്ങിച്ചെല്ലുകയെന്നതും ഓർക്കുക. ശൂനേംകാരിയുടെ തിരച്ചിലെത്തുന്നത് കർമ്മേലിന്റെ ഉന്നതികളിലാണ്. സത്യത്തിൽ ഈ മഹാ ഗുരുക്കന്മാർ ജനസംഘത്തിലേയ്ക്കും പട്ടണങ്ങളിലേയ്ക്കും ഇറങ്ങിച്ചെല്ലുക സവിശേഷ ലക്ഷ്യങ്ങളോടെയാണ്. ദൗത്യങ്ങളില്ലാത്ത സഞ്ചാരങ്ങൾ അവർക്കിടയിലില്ല. ദൈവം അരുളിയതിനെ പ്രബോധിപ്പിക്കുക. (Teaching). ദൈവകരുണയാൽ സൗഖ്യം പകരുക (Healing). ദൈവശക്തിയാൽ പോഷണമേകുക (Feeding). ദൈവത്തിന്റെ വാക്കല്ലാതെ മറ്റൊന്നും പറയാനില്ലാത്തവർ എങ്ങനെയാണ് വീൺചിന്തകളിൽ രമിക്കുക. വെറും വാക്കുകളിൽ രസിക്കുക. വ്യർത്ഥ യാത്രകളിൽ ഭ്രമിക്കുക.

മലകൾ അദ്ധ്യാത്മിക പാരമ്പര്യങ്ങളിൽ ഏറെ സാംഗത്യമുള്ളവയാണ്. ശാരീരികമായ ഒരു പർവ്വതാരോഹണം നോക്കുക. കയറും തോറും നിങ്ങളുടെ കാഴ്ചകൾ വിശാലമാവുകയാണ്. മനുഷ്യർക്കിടയിലുള്ള അതിരുകളും മതിലുകളും ചെറുതായിവരുന്നു. അതീതമായൊരു ബോധത്തിലേയ്ക്കുള്ള ഉണർവു പോലെ! താഴെനിന്ന് കാണവേ വലുതും വില പിടിച്ചതുമായി തോന്നിയ പലതിനും അത്രയൊന്നും വലുപ്പം കാണുന്നതേയില്ല. അധമബോധങ്ങളിൽ ഏറ്റവും വലുതെന്ന് ശഠിക്കുന്ന പലതും ഉയർന്ന ബോധങ്ങളിൽ അത്രയൊന്നും സാരവത്തായ സംഗതികളല്ലെന്നത് ഒരു ആത്മീയമായ തിരിച്ചറിവും കൂടെയാണല്ലോ. പിന്നെങ്ങനെയാണ് അവർ നമ്മെപ്പോലെ നിസ്സാരതകൾക്ക് വേണ്ടി കലഹം കൂട്ടുക?

യോഹന്നാനും മറ്റും ഉഗ്രശബ്ദത്തിൽ ചരിത്രത്തിലേയ്ക്ക് കടന്നു വരുന്നതുവരെയും

(ശേഷം......പേജ് 20)

പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ജീവിതരേഖ

1885 ഏപ്രിൽ 4	–	ജനനം
		മാതാപിതാക്കന്മാർ– ചാക്കോ – ഇളച്ചി
1895 ഫെബ്രുവരി 5	–	ശെമ്മാശൻ പട്ടം
1906 ജൂലൈ 8	–	വൈദികസ്ഥാനം
1906 ജൂലൈ 9	–	റമ്പാൻ സ്ഥാനം
1929 ഫെബ്രുവരി 16	–	മെത്രാൻ സ്ഥാനം
1965 ഏപ്രിൽ 5	–	കാലം ചെയ്തു

പരിശുദ്ധ പാമ്പാടി തിരുമേനിയുടെ വചനമാധുരി

1. മക്കളേ, പ്രയാസപ്പെടുന്നവരെ സഹായിക്കണേ. പക വച്ചുകൊണ്ടിരിക്കരുത്. എല്ലാവരെയും സ്നേഹിക്കണം. കേസും വഴക്കും നന്നല്ല.
2. ഭർത്താക്കന്മാരേ! നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ ഭാര്യമാരുടെ ഭക്ഷണക്കാര്യവും ഓർക്കണമേ. അവരേക്കുറിച്ചു നിങ്ങൾക്കു കരുതൽ ഉണ്ടായിരിക്കണം. അവർ ഭക്ഷണം കഴിക്കുന്നുണ്ടോ എന്നു നോക്കണം.
3. കുഞ്ഞുങ്ങളേ! നിങ്ങൾ ദൈവത്തെ സ്നേഹിക്കണം. മാതാപിതാക്കളെ അനുസരിക്കണം. ഗുരുക്കന്മാരെ ബഹുമാനിക്കണം.
4. പള്ളി ദൈവത്തിന്റെ ഭവനമാണ്. നാം പള്ളിയിൽ വിശുദ്ധിയിലും സത്യത്തിലും നീതിയിലും പ്രവർത്തിക്കണം. അപ്പോൾ ദൈവനാനുഗ്രഹം ഉണ്ടാകും.
5. ദൈവാശ്രയത്തോടും സമാധാനത്തോടുംകൂടി എല്ലാവരും കഴിഞ്ഞുകൊള്ളണം.
6. ദൈവം തമ്പുരാൻ ദുഷ്ടമനുഷ്യരുടെയും നല്ലവരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും മഴ പെയ്യിക്കുകയും ചെയ്യുന്നുണ്ടല്ലോ. നാമും അപ്രകാരം ചെയ്താൽ മതി.
7. ദൈവപുത്രനായ തമ്പുരാന് പ്രാർത്ഥന ആവശ്യമായിരുന്നെങ്കിൽ പാപികളായ നമുക്ക് എത്രയധികം ആവശ്യമാണ്.
8. കഷ്ടപ്പെടുന്ന പാവങ്ങളെ നമ്മുടെ കഴിവനുസരിച്ച് അന്വേഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യണം. എനിക്കുള്ളത് ഞാൻ അവർക്കു പങ്കിടുന്നു. അവർ എനിക്കുള്ളവരും ഞാൻ അവർക്കുള്ളവനും ആകുന്നു. സഭാ മാതാവെന്ന ഒരമ്മപെറ്റമക്കളല്ലേ നമ്മളെല്ലാവരും.
9. ഈ വ്യവസ്ഥകളെല്ലാം എന്തിന്? ഇവയ്ക്കെല്ലാം അതീതമായി സ്നേഹത്തിൽ തീർത്തുകൂടെ? മനുഷ്യൻ എത്ര ഉറച്ചു നിന്നാലും ഒരു ശ്വാസം മാത്രമല്ലേ?
10. ദിവസംതോറും ആത്മീയമായ അഭിവൃദ്ധി പ്രാപിക്കാതിരുന്നാൽ നമ്മുടെ നോമ്പുകളും മറ്റ് അനുഷ്ഠാനങ്ങളും കേവലം ആചാരങ്ങൾ മാത്രമായിത്തീരാവുന്നതാണ്.
11. കേവലം ഒരു ആചാരം എന്ന നില മാറിയിട്ട് ദൈവത്തോടു നിരപ്പാകുന്നതിനും ദൈവത്തെ അനുഭവിക്കുന്നതിനുമുള്ള മാർഗ്ഗമായി വിശുദ്ധ കൂദാശകളെ നാം അനുഭവിക്കണം.
12. ഒട്ടും അഹങ്കാരം പാടില്ല. ആകാശത്തോളം ഉയർത്തപ്പെട്ടവനേ നീ പാതാളത്തോളം താഴ്ത്തപ്പെടും എന്ന് ഈശ്വരൻ നമ്മോട് കല്പിക്കാനിടയാകരുത്. മറ്റുള്ളവരോട് സൗമ്യതയോടും താഴ്മയോടുംകൂടി പെരുമാറണം. അത്യാഗ്രഹം അരുത്. ലളിതമായ ജീവിതമേ ആഗ്രഹിക്കാവൂ.
13. അദ്ധ്വാനിക്കുന്നവരേയും ഭാരം ചുമക്കുന്നവരേയുമാണ് ഞങ്ങളെയൊക്കെക്കാൾ ദൈവത്തിനു കൂടുതൽ കാര്യം.
14. ദൈവം നമ്മെ നയിക്കാതിരുന്നാൽ നമുക്ക് എന്തുചെയ്യാൻ സാധിക്കും.
15. അന്യന്റേത് എത്ര വിലയുള്ളതായാലും നാം അതിനെ ആഗ്രഹിക്കരുത്. നമ്മുടേതു മാത്രം മതി. കൂടാതെ മരണമുണ്ടെനിക്കെന്നതൊരിക്കലും മറക്കരുത്.
16. വൈദികർ ദേവാലയത്തോടും അനുഷ്ഠാനങ്ങളോടും എപ്പോഴും ഭക്തിയുള്ളവരായിരിക്കണം.
17. അധികം അറിയുന്നവൻ അധികം അടികൊള്ളും.

ഫാ. ഡോ. ബേബി വർഗീസ്

വിശുദ്ധ മാമോദീസ

1.1 മാമോദീസാ എന്നാൽ എന്ത്?

ക്രിസ്തുവിനോട് ചേരുന്നതിനാണ് മാമോദീസാ ഏൽക്കുന്നത്. "ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു." (ഗലാത്യർ 3:27).

ക്രിസ്തുവിനോട് ചേരുക എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുന്നതാണ്. ''യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും" (റോമർ 6:3-5). പഴയ മനുഷ്യൻ മരിക്കുകയും, ക്രിസ്തുവിൽ പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു. ഇതിനെ പുതിയ നിയമത്തിൽ വീണ്ടും ജനനം എന്നും വിളിക്കുന്നു. (യോഹ: 3:3-5). നാം ദൈവമക്കളായി വീണ്ടും ജനിക്കുന്നു. അതുവഴി ദൈവരാജ്യത്തിന്റെ പൗരന്മാരായിത്തീരുന്നു. (ഗലാത്യർ 4:4-7, റോമർ 8:14-17)

1.2 മാമോദീസാ എന്തിനുവേണ്ടി?

ക്രിസ്തുവിനോടു ചേരുന്നതിനും അതുവഴി ദൈവമക്കളായി വീണ്ടും ജനിക്കുന്നതിനുമാണ് നാം മാമോദീസാ ഏൽക്കുന്നത്.

1.3 ശിശുസ്നാനം എന്തിന്?

വിശ്വാസികളുടെ കുഞ്ഞുങ്ങൾ ക്രിസ്തുവിനോട് ചേരുന്നതിനും, അതുവഴി ദൈവമക്കളായി തീരുന്നതിനുമാണ് അവരെ ശൈശവപ്രായത്തിൽ സ്നാനം കഴിപ്പിക്കുന്നത്. മാമോദീസാ വഴി അവർ ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗങ്ങളായിത്തീരുന്നു. (എഫെ. 5:30, 1കൊരി 12:13)

"ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ" (മത്തായി 19:14) എന്ന് ക്രിസ്തുതന്നെ പറയുന്നതിനാൽ ശിശുക്കൾക്ക് മാമോദീസാ നൽകുന്നതിനെ താൻ വിലക്കുന്നില്ലെന്ന് വ്യക്തമാണ്.

1.4 മാമോദീസായുടെ മറ്റു പേരുകൾ ഏവ?

'വീണ്ടും ജനനം' (യോഹ:3:3-5), പുതിയ സൃഷ്ടി (2 കൊരി 5:17), മുദ്ര (സീൽ) (2 കൊരി 1:21-22) (എഫെ 1:14); 4.30; വെളിപാട് 7:3) പരിശുദ്ധാത്മാവിന്റെ നവീകരണം (തീത്തോസ്: 3:6-7)

1.5 നടത്തേണ്ടത് എപ്പോൾ?

വി. കുർബ്ബാനക്ക് മുമ്പ് മാമോദീസാ നടത്തുന്ന രീതിയാണ് നാലാം നൂറ്റാണ്ടുമുതൽ സഭയിൽ കണ്ടുവന്നിരുന്നത്. എന്നാൽ ഇന്ന് മിക്ക സഭകളിലും, വി. കുർബ്ബാനക്കു ശേഷമാണ് മാമോദീസാ നടത്തുന്നത്. എന്നാൽ പ്രത്യേക സന്ദർഭങ്ങളുടെ ഗൗരവമനുസരിച്ച് മാമോദീസാ നൽകുവാൻ വൈദികന് അനുവാദമുണ്ട്.

2 ഒരു കുഞ്ഞു ജനിച്ച ശേഷം എന്നാണ് മാമോദീസ നൽകേണ്ടത്?

അമ്പത്തിയാറ് ദിവസം കഴിഞ്ഞ് മാമോദീസ നൽകുന്ന രീതിയാണ് മലങ്കരസഭയിൽ ദീർഘനാളായി നിലവിലുള്ളത്. മാതാവിന്റെ ശാരീരികാവസ്ഥ, കുഞ്ഞിന്റെ ആരോഗ്യം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ഈ രീതി സ്വീകരിച്ചത്. പുരാതന കാനോനുകളിൽ ഇതേപ്പറ്റി ഏതെങ്കിലും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. വിദേശ മലയാളികളുടെ കുഞ്ഞുങ്ങളെ അമ്പത്തിയാറു ദിവസങ്ങൾക്ക് മുമ്പോ ചിലപ്പോൾ ഏതാനും മാസങ്ങൾക്കുശേഷമോ, മാമോദീസാ കഴിപ്പിക്കുന്നത് ഇന്ന് സാധാരണയായി കഴിഞ്ഞിരിക്കുന്നു. യഹൂദന്മാർക്കിടയിൽ പ്രസവത്തിനു ശേഷം ആൺകുഞ്ഞെങ്കിൽ നാല്പതു ദിവസവും, പെൺകുഞ്ഞെങ്കിൽ എൺപതു ദിവസവും മാതാവിനെ അശുദ്ധയായി കണക്കാക്കിയിരുന്നു. ഇതിന് 'ശുദ്ധീകരണകാലം' (ലൂക്കോസ് 2:22) എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത്തരത്തിലുള്ള ചില ആചാരങ്ങൾ മദ്ധ്യപൂർവ്വദേശത്തെ ക്രൈസ്തവരുടെ ഇടയിൽ ഉണ്ടായിരുന്നു.

3. മാമോദീസായ്ക്കുള്ള തയ്യാറെടുപ്പുകൾ ഏവ?

കുഞ്ഞിന്റെ മാതാപിതാക്കൾ, തലതൊടുന്നയാൾ തുടങ്ങി ഏറ്റവും അടുത്ത ബന്ധുക്കൾവരെ കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കണം. ഒന്നു മുതൽ മൂന്നു ദിവസം വരെ ഉപവസിക്കുന്നതും നല്ലതാണ്. ഏതാനും ആഴ്ചകൾക്ക് മുമ്പുതന്നെ ഇടവക വികാരിയെ കണ്ട് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ് അഭികാമ്യം. വലിയ ഇടവകകളിൽ, കഴിയുന്നത്ര, ഞായറാഴ്ച മാമോദീസ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ധൂപ പ്രാർത്ഥന, വിവാഹം, പള്ളിക്കമ്മറ്റി തുടങ്ങി പല കാര്യങ്ങളും വൈദികന് ഞായറാഴ്ചകളിൽ നടത്തേണ്ടതുള്ളതിനാൽ ധൃതിയിൽ മാമോദീസാ നടത്തി, അതിന്റെ ഗൗരവവും, അർത്ഥവും നഷ്ടമാകാതിരിക്കുവാൻ ഇത് സഹായിക്കും.

4. മാമോദീസാ നടത്തുവാൻ അനുവാദമില്ലാത്ത ദിവസങ്ങൾ ഏവ? എന്തുകൊണ്ട്.

വലിയനോമ്പിൽ, പാതിനോമ്പിനും ഈസ്റ്ററിനും ഇടയിൽ മാമോദീസാ നടത്താറില്ല. ഈ സമയത്ത് മാമോദീസാമുറി അടച്ചിടുന്ന രീതി ആദിമസഭയിൽ ഉണ്ടായിരുന്നു. മാമോദീസാ, കർത്താവിന്റെ ഉയിർപ്പിലുള്ള പങ്കാളിത്തം ആകയാൽ ഉയിർപ്പു പെരുന്നാൾ, സ്നാനത്തിന് ഏറ്റവും അനുയോജ്യമായ ദിവസമാണെന്ന് പൊതുവെ ചിന്തിച്ചിരുന്നു. വിശ്വാസബോധനം നടത്തിയിരുന്ന സ്നാനാർത്ഥികൾക്ക് സാധാരണ ഉയിർപ്പു പെരുന്നാളിലാണ് മാമോദീസാ നൽകിയിരുന്നത്. വലിയ നോമ്പ് സ്നാനാർത്ഥികളുടെ പരിശീലനത്തിന്റെ അവസാന ഘട്ടമായിരുന്നു. പാതിനോമ്പുകഴിഞ്ഞാൽ തീവ്രമായ പരിശീലനം നൽകിയിരുന്നു. മാമോദീസായ്ക്കുള്ള ഒരുക്കമെന്ന നിലയിലാണ് പാതിനോമ്പിനും ഈസ്റ്ററിനും ഇടയിൽ മാമോദീസാ മുറി അടച്ചിട്ടിരിക്കുന്നത്.

5. മാമോദീസായിൽ സ്നാനാർത്ഥിക്ക് നൽകുന്ന പേരുകൾക്കുള്ള മാനദണ്ഡം എന്താണ്?

ക്രിസ്തീയ പേരുകൾ നൽകുന്ന രീതിയാണ് എല്ലാ സഭകളും അവലംബിച്ചിരിക്കുന്നത്. സഹദേന്മാരുടെയും വിശുദ്ധന്മാരുടെയും, ഓർമ്മദിവസങ്ങളിലോ, അവരുടെ കബറിട ദേവാലയങ്ങളിലോ മാമോദീസാ നടത്തുമ്പോൾ അവരുടെ പേരുകൾ നൽകുന്നതും സാധാരണമാണ്. പേര് 'ഐഡന്റിറ്റി'യുടെ സൂചനയാണ്. പുതിയ 'ഐഡന്റിറ്റി' സ്നാനമേൽക്കുന്നയാളിന് ലഭ്യമായിരിക്കുന്നു എന്ന അർത്ഥത്തിലാണ് പേര് നൽകുന്നത്. മലങ്കര നസ്രാണികളുടെ ഇടയിൽ വല്യപ്പൻ, വല്യമ്മ എന്നിവരുടെ പേരുകളാണ് സാധാരണ നൽകുന്നത്. തലമുറകളുടെ തുടർച്ച എന്ന അർത്ഥം ഇതിന് നൽകാവുന്നതാണ്.

6. തലതൊടുന്ന ആൾ ആവശ്യമുണ്ടോ?

പുറജാതിക്കാരനായ ഒരാൾ മാമോദീസാ ഏൽക്കുവാൻ ആഗ്രഹിച്ചാൽ, ഒരു സഭാംഗം അയാളെ ബിഷപ്പിന്റെ അടുക്കൽ കൊണ്ടു വന്ന്, സാക്ഷ്യം നൽകേണ്ടതുണ്ടായിരുന്നു. അയാൾക്ക് 'സ്പോൺസർ' എന്നും'വഴികാട്ടി' യെന്നും പേരുണ്ടായിരുന്നു. മാമോദീസാ ഏൽക്കാനുള്ള ആളിനെ സ്നാനാർത്ഥിയായി (Catechumen) സ്വീകരിച്ചിരുന്നു. അയാളുടെ വിശ്വാസ പരിശീലനത്തിനു മേൽനോട്ടം വഹിക്കുന്ന ചുമതല മേൽപ്പറഞ്ഞ വിശ്വാസിക്കായിരുന്നു. ഇതിൽ നിന്നാണ് തല തൊട്ടപ്പൻ/ അമ്മ (ഗോഡ്ഫാദർ, ഗോഡ് മദർ) എന്ന സ്ഥാനം ഉണ്ടാകുന്നത്. ശിശുക്കളുടെ കാര്യത്തിൽ വിശ്വാസ ബോധത്തിന്റെ ഉത്തരവാദിത്വം തലതൊടുന്നയാൾ ഏറ്റെടുക്കുന്നു. കൂട്ടുകുടുംബ സംവിധാനത്തിൽ പിതാമഹൻ, പിതാമഹി എന്നിവരായിരുന്നു കുഞ്ഞുങ്ങളെ പ്രാർത്ഥനകളും, വിശ്വാസത്തിന്റെ ആദ്യപാഠങ്ങളും പഠിപ്പിച്ചിരുന്നത്.

7. തല തൊടാനുള്ള അവകാശം ആർക്ക്? മറ്റ് സഭാംഗങ്ങളെ അനുവദിക്കാമോ?

സഭാവിശ്വാസികൾക്കു മാത്രമേ തലതൊടാൻ അവകാശമുള്ളൂ. അതായത് ഓർത്തഡോക്സ് സഭയിൽ വി.കുർബ്ബാന അനുഭവിക്കുവാൻ യോഗ്യതയുള്ള ആളിനു മാത്രമേ, കുഞ്ഞിന് തലതൊടുവാൻ യോഗ്യതയുള്ളൂ. മറ്റു സഭാംഗങ്ങളെ അനുവദിക്കുവാൻ സാധിക്കുകയില്ല. എന്നാൽ പിതാമഹൻ, മതാമഹൻ തുടങ്ങിയവർ ഇതര സഭാംഗങ്ങൾ ആണെങ്കിൽ അവരുടെ പേരുകൾ നൽകാവുന്നതാണ്. എന്നാൽ ദേവാലയത്തിലെ ശുശ്രൂഷയിൽ കുഞ്ഞിനെ കൈകളിൽ വഹിച്ചുകൊണ്ട് പ്രാർത്ഥകളും, പ്രഖ്യാപനങ്ങളും നടത്തുന്നയാൾ ഓർത്തഡോക്സ് സഭാംഗമായിരിക്കണം.

8. മുതിർന്നവരുടെ മാമോദീസായുടെ തയ്യാറെടുപ്പുകൾ, നിയമനടപടികൾ, നടപടി ക്രമം ഏവ?

മാമോദീസ സ്വീകരിക്കുന്നവർ കുറെ ആഴ്ചകൾക്കോ, ദിവസങ്ങൾക്കോ മുമ്പ് വൈദികനെ സമീപിച്ച് തയ്യാറെടുപ്പുകൾ ആരംഭിക്കണം. അടിസ്ഥാന വിശ്വാസസത്യങ്ങളും, പ്രാർത്ഥനകളും പഠിക്കണം. മാമോദീസാക്ക് മുമ്പ് മൂന്നു ദിവസമെങ്കിലും ഉപവസിക്കണം. മാമോദീസാക്ക് മുമ്പായി കുമ്പസാരം നടത്തണം.

ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ, താൻ പരപ്രേരണകൂടാതെ സ്വമേധയാ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നുവെന്ന് മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം എഴുതിനൽകുന്നതും, അത് നോട്ടറി പബ്ളിക്ക് സാക്ഷ്യപ്പെടുത്തുന്നതും നന്നായിരിക്കും.

ഞായറാഴ്ച പരസ്യമായി സ്നാനമേൽക്കുന്നതിന് പ്രയാസമുണ്ടെങ്കിൽ ഇടദിവസം വി. കുർബ്ബാന അർപ്പിച്ച് നടത്താവുന്നതാണ്. പ്രായപൂർത്തിയായ സ്ത്രീകളുടെ മാമോദീസായിൽ, വസ്ത്രങ്ങൾ ധരിച്ചുകൊണ്ട്, എന്നാൽ ആഭരണങ്ങൾ മാറ്റി, മുടി അഴിച്ചിട്ട് സ്നാനമേൽക്കുവാൻ നിർദ്ദേശിക്കണം. മാമോദീസാ തൊട്ടിക്കുമുകളിൽ, തല കുനിച്ച് നിൽക്കുമ്പോൾ തലയിൽ വെള്ളം കോരി ഒഴിച്ച് സ്നാനം നൽകണം, മൂറോൻ അഭിഷേകം നെറ്റിയിലും, കൈപ്പത്തിയിലും, കുരിശടയാളം വരച്ച് നടത്തേണ്ടതാണ്. പ്രായപൂർത്തിയായ പെൺകുട്ടികളുടെ ദേഹത്ത് കാർമ്മികൻ അഭിഷേകം ചെയ്യുന്നതിനെ ഡിഡാസ്ക്കാലിയ വിലക്കുന്നുണ്ട്.

സാധാരണ മാമോദീസാ ശുശ്രൂഷ തന്നെയാണ് പ്രായപൂർത്തി ആയവർക്കും ഉപയോഗിക്കുന്നത്. തലതൊട്ടപ്പൻ, തലതൊട്ടമ്മ എന്നിവർ ആവശ്യമാണ്. എന്നാൽ 'സാത്താനെ ഉപേക്ഷിക്കുന്നു' 'മിശിഹായെ സ്വീകരിക്കുന്നു' എന്നീ പ്രഖ്യാപനങ്ങൾ സ്നാനാർത്ഥി തന്നെ ഏറ്റുപറയണം. തൽസമയം, തലതൊട്ടപ്പൻ കൈകളിൽ പിടിക്കേണ്ട ആവശ്യമില്ല.

9. മൂന്നുതരത്തിൽ സ്നാനാർത്ഥിയെ മുദ്രയിടുന്നു. എന്തുകൊണ്ട്? അർത്ഥം എന്ത്?

9.1 ഒന്നാമത്തെ മുദ്ര തൈലം കൂടാതെയാണ് നൽകുന്നത്. ഒരാളെ സ്നാനാർത്ഥിയായി സ്വീകരിക്കുമ്പോൾ ബിഷപ്പ് തലയിൽ കൈവച്ച്, നെറ്റിയിൽ മുദ്രയിട്ടിരുന്നു. സ്നാനാർത്ഥിയായി സ്വീകരിക്കുന്നതിന്റെ സൂചനയാണിത്. തുടർന്ന് പൈശാചിക ശക്തികളിൽ നിന്നും സ്നാനാർത്ഥി വിമുക്തനായിരിക്കുന്നു എന്ന് പ്രഖ്യാപിക്കുന്നു. സ്നാനാർത്ഥി സാത്താനെ ഉപേക്ഷിക്കുകയും, മിശി

ഹായെ സ്വീകരിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന് സമർപ്പിക്കുമ്പോൾ, സഭ കുഞ്ഞിനെ സ്വീകരിച്ച് 'മിശിഹായുടെ മുദ്ര' നൽകി സ്നാനത്തിനായി ഒരുക്കുന്നു എന്ന അർത്ഥം നൽകാവുന്നതാണ്.

9.2 രണ്ടാമത്തെ മുദ്ര സൈത്ത് കൊണ്ട് നെറ്റിയിൽ നൽകുന്നു. മാമോദീസായ്ക്കു മുമ്പ് പ്രാർത്ഥിച്ച ഒലിവ് എണ്ണ (സൈത്ത്) കൊണ്ടും, മാമോദീസാക്കു ശേഷം വി.മൂറോൻ തൈലം കൊണ്ട് നെറ്റിയിലും, ദേഹത്തും അഭിഷേകം ചെയ്യുന്ന രീതി അതിപുരാതനമാണ്. സൈത്തുകൊണ്ട് നെറ്റിയിൽ അഭിഷേകം നൽകുന്നത്, 'മിശിഹായെ സ്വീകരിക്കുന്നു' എന്ന പ്രഖ്യാപനത്തിനും വിശ്വാസപ്രമാണത്തിനും ശേഷമാണ്. ഇതിന്റെ അർത്ഥത്തെപ്പറ്റി തൽസമയത്തുള്ള പ്രാർത്ഥനയിൽ സൂചനയുണ്ട്. 'വീണ്ടും ജനനത്താൽ പുത്രസ്വീകാരത്തിന് അർഹനായിത്തീരുവാൻ വേണ്ടി, സന്തോഷതൈലത്താൽ, പിതാവിന്റെയും, പുത്രന്റെയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ, നിത്യജീവനായി... മുദ്രകുത്തപ്പെടുന്നു'.

മാമോദീസായ്ക്കുള്ള ഒരുക്കമായിട്ടാണ് ഈ അഭിഷേകം നൽകുന്നത്. "സന്തോഷതൈലം" (സങ്കീ 45:7) ക്രിസ്തുവിന്റെ അഭിഷേകത്തിന്റെ സൂചനയാണ്. സൈത്ത്കൊണ്ടുള്ള അഭിഷേകം വഴി, സ്നാനാർത്ഥി, സാക്ഷാൽ ഒലിവായ് (സൈത്ത്) ക്രിസ്തുവിനോട് ഒട്ടിച്ച് ചേർക്കപ്പെടുന്നു (റോമൻ 11:17).

കാതോലിക്കേറ്റിന്റെ കീഴിലെ പാരമ്പര്യം അനുസരിച്ച് മലങ്കരയിൽ നെറ്റിയിൽ തൈലം കൊണ്ട് മുദ്രയിടുക മാത്രം ചെയ്യുന്നു. എന്നാൽ അന്ത്യോഖ്യൻ സഭയുൾപ്പെടെ മിക്ക ഓർത്തഡോക്സ് സഭകളിലും സൈത്ത് കൊണ്ട് ദേഹം മുഴുവൻ അഭിഷേകം ചെയ്യുന്ന രീതിയും നിലവിലുണ്ട്.

9.3. മൂന്നാമത്തെ മുദ്ര വി.മൂറോൻ കൊണ്ട് നൽകുന്നു. തുടർന്ന് മാമോദീസായേറ്റയാളിന്റെ ശരീരം മുഴുവനും അഭിഷേകം ചെയ്യുന്നു. മിശിഹായുടെ പരിമള വാസനയും സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും, വിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണവുമായ വി. മൂറോനാൽ മുദ്രകുത്തപ്പെടുന്നു." എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് നെറ്റിയിൽ മുദ്രയിടുന്നത്. യേശു ക്രിസ്തുവിന്റെ അടയാളം നെറ്റിയിൽ വരയ്ക്കുന്നു. വി. മാമോദീസായിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചതിന്റെ അടയാളവുമാണിത്.

10. മാമോദീസായ്ക്കു ശേഷം വെള്ള വസ്ത്രം ധരിപ്പിക്കുന്നതിന്റെ കാരണം എന്ത്?

മാമോദീസായിൽ പ്രാപിച്ച പുതുക്കത്തിന്റെയും, പാപമോചനത്തിന്റെയും, വിശുദ്ധിയുടെയും അടയാളമാണ് വെള്ളവസ്ത്രം, അന്ധകാരത്തിൽ നിന്നും വിടുതൽ പ്രാപിച്ച് 'പ്രകാശവസ്ത്രം' ധരിക്കുന്നു എന്ന് അർത്ഥമാക്കുന്നു.

11. ഒന്നിൽ കൂടുതൽ കുട്ടികൾ മാമോദീസായ്ക്ക് ഉണ്ടെങ്കിൽ ഏത് ക്രമത്തിലാണ് മാമോദീസാ നൽകുന്നത്? എന്തുകൊണ്ട്.?

പ്രായമനുസരിച്ച് ആൺകുട്ടികളെയും തുടർന്ന് പെൺകുട്ടികളെയും സ്നാനപ്പെടുത്തുന്നു. എല്ലാവർക്കുമായി ഒരുമിച്ച് വെള്ളം വാഴ്ത്താമെങ്കിലും, വാഴ്ത്തിയ വെള്ളം പാത്രത്തിൽ പകർന്ന് വെച്ച്, ഓരോ കുട്ടിക്കും പ്രത്യേകം വെള്ളം ഉപയോഗിക്കണം. ഒരു കുട്ടിയെ മാമോദീസാമുക്കിയ ശേഷം, ആ വെള്ളം തുറന്ന് വിട്ടതിനുശേഷം, വാഴ്ത്തിയ വെള്ളം മാമോദീസാ തൊട്ടിയിൽ ഒഴിച്ച് അടുത്ത കുട്ടിയെ മുക്കണം.

'സകലവും ഉചിതമായും ക്രമമായും നടക്കട്ടെ' (1കൊരിന്ത്യർ 14:39) എന്ന് വി.പൗലോസ് പറയുന്നതുപോലെ പ്രായക്രമം പിന്തുടരേണ്ടതാണ്. വി. കുർബ്ബാന സ്വീകരിക്കുന്നത് പുരുഷന്മാർ, സ്ത്രീകൾ എന്നീ ക്രമത്തിൽ ആണല്ലോ? ആ മാതൃകയാണ് മാമോദീസയിലും പിന്തുടരുന്നത്.

12. കുഞ്ഞിനെ എടുത്തു കൊണ്ട് നിൽക്കേണ്ടത് തല തൊടുന്ന ആൾ തന്നെയാണോ? എങ്ങനെ പിടിക്കണം ?

തല തൊടുന്ന ആൾ കൈകളിൽ എടുത്തു കൊണ്ട് നിൽക്കുന്ന രീതിയാണ് സാധാരണ ഉള്ളത്. എന്നാൽ കുഞ്ഞ് കരയുന്നുവെങ്കിൽ അമ്മയോ, മറ്റു സ്ത്രീകളോ എടുക്കുന്നതിൽ തെറ്റില്ല.എന്നാൽ സാത്താനെ ഉപേക്ഷിക്കുന്നു, മിശിഹായേ സ്വീകരിക്കുന്നു എന്നീ പ്രഖ്യാപനങ്ങളുടെ സമയത്ത്, തല തൊടുന്നയാൾ കു

ഞ്ഞിന്റെ കൈകളിൽ പിടിച്ചു കൊണ്ട് വേണം ഏറ്റുചൊല്ലുവാൻ. ഏതാനും മാസങ്ങൾ പ്രായമുള്ള കുഞ്ഞാണെങ്കിൽ വ്യക്തമായ വിധത്തിൽ കൈകളിൽ എടുത്തു കൊണ്ട് നിൽക്കണം.വെള്ളം വാഴ്‌വിന്റെ സമയത്ത് മാത്രം കുഞ്ഞിന്റെ വസ്ത്രങ്ങൾ മാറ്റിയാൽ മതിയാവും.

13. ഇടവകപ്പള്ളിയല്ലാതെ മറ്റുപള്ളികളിൽ വച്ച് മാമോദീസാ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

മാമോദീസാ നടക്കുന്ന പള്ളിയിലെ വികാരിയോട് നേരത്തെ സംസാരിച്ച് സമയം, കാർമ്മികൻ തുടങ്ങിയ കാര്യങ്ങളിൽ ധാരണ ഉണ്ടാക്കണം. ഇടവകവികാരി മുഖേനെ ഇതു ചെയ്യുന്നതായിരിക്കും യുക്തം. ഇടവക വികാരിയിൽ നിന്നും എഴുത്തു വാങ്ങിയിരിക്കണം.

14. സാധാരണ മാമോദീസാ ക്രമത്തിൽ നിന്നും ഒഴിവ് നൽകിയിരിക്കുന്നത് ആർക്കൊക്കെ?

സാധാരണ മാമോദീസാ ക്രമത്തിൽ നിന്നും ഒഴിവ് നൽകിയിരിക്കുന്നത് കുഞ്ഞ് അതീവ രോഗാവസ്ഥയിൽ ആണെങ്കിൽ മാത്രമാണ്. വീട്ടിലോ, ആശുപത്രിയിലോ വച്ച് പുതിയ ബേസിനിൽ വെള്ളം വാഴ്ത്തി മാമോദീസാ നൽകാവുന്നതാണ്. സന്ദർഭത്തിന്റെ ഗൗരവം അനുസരിച്ച് ഗീതങ്ങൾ പ്രൊമിയോൻ - സെദ്റ എന്നിവ ഒഴിവാക്കാവുന്നതാണ്.

മൂറോൻ അഭിഷേകം നൽകുവാൻ സാധിക്കുന്നില്ലെങ്കിൽ, കുഞ്ഞ് ആരോഗ്യം വീണ്ടെടുക്കുമ്പോൾ ദേവാലയത്തിൽ വച്ച്, അഭിഷേകവും വി. കുർബ്ബാനയും നൽകാവുന്നതാണ്. സന്ദർഭത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രവർത്തിക്കുവാൻ കാർമ്മികന് അനുവാദമുണ്ട്.

15. മാമോദീസായിൽ ഒന്നിലധികം വൈദികർ പങ്കെടുക്കുമ്പോൾ ഒരാൾ പ്രാരംഭ പ്രാർത്ഥനകളും മറ്റും നടത്തുകയും അപരൻ വെള്ളം വാഴ്ത്തുകയും മറ്റും ചെയ്യാമോ?

ഒരിക്കലും പാടില്ല. വി. കുർബ്ബാനയിൽ ഒരു വൈദികൻ തുയോബോ മുതൽ അവസാനം വരെയുള്ള കർമ്മങ്ങളും പ്രാർത്ഥനകളും നടത്തുന്നതുപോലെ മാമോദീസായിൽ ഓരോന്നും ക്രമമായി ചെയ്യുക. എന്നാൽ ഒന്നിലധികം വൈദികർ ഉണ്ടെങ്കിൽ, നെറ്റിയിലെ മുദ്ര, സൈത്ത് കൊണ്ടുള്ള മുദ്ര, എന്നിവ ഓരോരുത്തരായി ചെയ്യാവുന്നതാണ്.

16. മാമോദീസായിൽ സൗകര്യാർത്ഥം വെള്ളം നേരത്തെ വാഴ്ത്തി വച്ച് ഉപയോഗിക്കാമോ?

ഇതും അനുവദനീയമല്ല. ആരംഭം മുതലുള്ള ഓരോ കർമ്മങ്ങളും അവയുടെ ക്രമമനുസരിച്ച് ചെയ്യണം. കഴിഞ്ഞ തലമുറയിൽ ആരെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, അജ്ഞതയും അലംഭാവവും നിമിത്തം സംഭവിച്ചതാണ്.

St. George – The Patron of many

Although very little is known about the life of St. George, legends says that he was born in a noble Christian family near the Palestine region around the end of the 3rd century AD. His parents called him Gregorius, meaning watchful/alert.

After the death of his parents, he joined the army of Emperor Diocletian and served as a soldier and was soon promoted to the high ranks of Tribunus. In AD 303, when Diocletian issued an edict to worship Roman gods, George objected and loudly renounced the Emperor's edict openly proclaiming himself as a Christian declaring his worship of Jesus. Diocletian attempted to convert George by offering gifts of land, money and slaves. He was eventually tortured and brutally executed on 23 April AD 303. It is for his strong defense of faith and his life as a true follower of Christ that he is venerated as a saint. The witness of his suffering and staunch faith even convinced Diocletian's wife Empress Alexandra to become a Christian.

The most popular legend about St. George is his slaying of the dragon. George came across a pagan town where a dragon lived near the water spring. For the people to get water, the dragon had to be distracted by a sheep or human bait. Once, when the Princess was due to be sacrificed to the dragon, George rode on a horse and slew it protecting himself by making the sign of the cross. The people of the town were so in awe of him that they immediately converted to Christianity.

St. George, popularly recognized as the patron of knights, soldiers and farmers, is venerated as a saint in both Western as well as Eastern Christian traditions and his memory is commemorated on April 23rd. While numerous countries and organizations claim St. George as their patron, there are several parishes within the Malankara church which are dedicated in the memory of St. George.

ഫാ.ഡോ. തോമസ് ചകിരിയിൽ

കുട്ടികളും മാനസിക വളർച്ചയും

കുട്ടികളുടെ മാനസിക വളർച്ച ഈ അടുത്ത കാലത്ത് മാത്രമാണ് ചർച്ചാ വിഷയമാകുന്നത്. അവരുടെ ബുദ്ധിപരമായ വളർച്ചപോലെതന്നെ വൈകാരിക, മാനസിക വളർച്ചയും പ്രധാനപ്പെട്ടതാണെന്ന് ഇന്ന് നാം മനസ്സിലാക്കുന്നു.

എന്നും മാറ്റത്തിന് വിധേയപ്പെടുന്നവരാണല്ലോ കുഞ്ഞുങ്ങൾ. ദ്രുതഗതിയിൽ സംഭവിക്കുന്ന ഈ മാറ്റത്തെ ഉൾക്കൊള്ളാനും അവരുടെ വളർച്ചയെ സഹായിക്കാനും മാതാപിതാക്കൾക്ക് ആവശ്യമായ അറിവും, അനുഭവവും ഉണ്ടായിരിക്കണം. നിങ്ങളുടെ കുഞ്ഞുങ്ങളുടെ ബാഹ്യമായ നന്മ ആഗ്രഹിച്ച് അവർക്കുവേണ്ടി കഠിനാധ്വാനം ചെയ്തതുകൊണ്ടോ, ഭൗതിക വളർച്ചയെ ത്വരിതപ്പെടുത്തിയതുകൊണ്ടോ മക്കളോടുള്ള കർത്തവ്യം നിർവ്വഹിച്ചെന്ന് അർത്ഥമില്ല. മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ച് മക്കളെ മനസ്സിലാക്കാൻ ആവശ്യമായ അറിവും, അനുഭവവും മാതാപിതാക്കൾക്കും സമൂഹത്തിനും ഉണ്ടാകണം.

“ഇവൻ മഹാ കുസൃതിയാ, നല്ല തല്ല് കൊടുക്ക് ടീച്ചറേ” എന്ന് പണ്ടൊക്കെ മാതാപിതാക്കൾ പറയുമായിരുന്നു. അതിൽ പ്രകാരം വളരെ കഠിനമായ ശിക്ഷകൾ നല്കി കുഞ്ഞുങ്ങളുടെ മാനസിക വളർച്ചയെ മുറിപ്പെടുത്തുന്ന അധ്യാപകർ ഇന്നും വിരളമായെങ്കിലും ഉണ്ട് (ഇതിനർത്ഥം കുട്ടികളെ ശിക്ഷിക്കരുതെന്നല്ല). സാധാരണയായി ഇന്ന് അഞ്ചാറു വയസ്സാകുന്നതോടെ ഒരു കുട്ടിക്ക് താനും ഒരു വ്യക്തിയാണെന്നും തനിക്കും ചില അവകാശങ്ങളുണ്ടെന്നും ബോധ്യം ഉണ്ടാകുന്നു. ഇന്ന് ഒരു കുട്ടിയെ, പരസ്യമായി, ക്ലാസ്സിൽ വച്ചോ, അല്ലാതെയോ, അവന്റെ വ്യക്തിത്വത്തെ മുറിപ്പെടുത്തിയാൽ അവൻ മാനസികമായി വളരെ തളരുകയും തുടർന്നുള്ള അവന്റെ വളർച്ചയിലും, ബന്ധപ്പെടലുകളിലും അതിന്റെ പ്രതിഫലനം ഉണ്ടാവുകയും ചെയ്യും.

ഇന്ന് കുട്ടികളോട് നാം ചെയ്യുന്ന ഏറ്റവും വലിയ അപരാധം ആത്മധൈര്യം കെട്ടുപോകാൻ തക്കവിധത്തിൽ അവന്റെ സ്വത്വരൂപത്തിൽ (Self Image) ക്ഷതമേൽപ്പിക്കുകയാണ്. ശൈശവഘട്ടത്തിൽ അവൻ പരിഹസിക്കപ്പെടുകയും, ക്രൂരമായി ശിക്ഷിക്കപ്പെടുകയും ചെയ്യുമ്പോൾ താൻ ഒന്നിനും കൊള്ളാത്തവൻ എന്ന ചിന്തയും, ജീവിതനിലപാടും അവനിൽ വളർന്നുവരാൻ തുടങ്ങും. ഫലമോ അരക്ഷിതാവസ്ഥയും അപകർഷതാബോധവും കൂടുന്നു. തന്മൂലം ഒന്നും ചെയ്യാൻ ധൈര്യമില്ലാത്തവനായി അവൻ മാറുന്നു.

സ്വയം വിലമതിക്കുകയും, സ്വന്തം വ്യക്തിത്വത്തെ അംഗീകരിക്കുകയും തന്നെത്തന്നെ ഇഷ്ടപ്പെടുകയും ചെയ്യുന്ന വ്യക്തി ആന്തരീക സുരക്ഷിതത്വമുള്ളവനാണ്. ഒരു കുട്ടിക്ക് നല്കാവുന്ന ഏറ്റവും വലിയ സമ്മാനം അവനിൽ ആത്മ വിശ്വാസം വളർത്തുക എന്നതാണ്. ഇപ്രകാരം വളരുന്ന കുട്ടികൾ ഏതു പ്രതിസന്ധിഘട്ടത്തെയും തരണം ചെയ്യത്തക്ക ആത്മധൈര്യം ഉള്ളവരായിരിക്കും.

കുട്ടികളുടെ ആത്മവിശ്വാസം വളർത്തുന്നതിന് കൂടുതൽ ശ്രദ്ധയും സമയവും നാം വിനിയോഗിക്കണം. അവരുടെ അഹംബോധം തളരാതെ നോക്കണം. ഏതു ശിശുവിന്റെയും നിഷേധാത്മക പ്രതിച്ഛായ അഥവാ പരാജയ മനോഭാവം ക്രിയാത്മകവും, വസ്തുനിഷ്ഠവുമായ സ്ഥിരപരിശ്രമം വഴി വിജയാവബോധത്തിലേക്ക് പരിവർത്തിപ്പിക്കുവാൻ സാധിക്കും.

ആത്മവിശ്വാസം എന്നാൽ അമിതമായ വിശ്വാസം എന്നർത്ഥമില്ല. നിങ്ങൾക്ക് ആരോഗ്യകരമായ ആത്മവിശ്വാസമുണ്ടെങ്കിൽ സ്വന്തം പരിമിതികളോടു കൂടിത്തന്നെ നിങ്ങളെ സ്വയം അറിയുകയും, അംഗീകരിക്കുകയും ചെയ്യും. സ്വന്തം ന്യൂനതകളിലും കുറവുകളിലും ലജ്ജിക്കുന്നില്ല, മറിച്ച് അവയെ സ്വന്തം യാഥാർത്ഥ്യത്തിന്റെ അഭേദ്യഭാഗമായി കാണുന്നു. യേശുക്രിസ്തുവിന് ശിശുക്കളോടുണ്ടായിരുന്ന മനോഭാവം ഇവിടെ ഓർക്കേണ്ടതാണ്. (വി. മർക്കോസ് 9:36-37, ജനസമൂഹത്തിന്റെ നടുവിൽ നിർത്തി ശിശുവിനെ ആദരിക്കുന്ന, അംഗീകരിക്കുന്ന കർത്താവ്) ശിശുക്കളോടുള്ള നമ്മുടെ മനോഭാവം ഇത്തരണത്തിൽ ചിന്തിക്കേണ്ടതാണ്.

ഇന്ന് ഭൂരിഭാഗം കുട്ടികളിലും ആത്മവിശ്വാസം ഊട്ടി വളർത്തക്കവിധമുള്ള അന്തരീക്ഷം വീടുകളിലോ, വിദ്യാലയങ്ങളിലോ ഇല്ല എന്നത് ഒരു പരമാർത്ഥമാണ്. ആത്മജ്ഞാനമില്ലാത്ത ഒരുത്തന് തന്നെക്കുറിച്ച് വിശ്വാസമുണ്ടാവുകയില്ല. ആത്മാവബോധം, ആത്മാഭിമാനം, ആത്മവിശ്വാസം, ആത്മധൈര്യം തുടങ്ങിയവയെല്ലാം തമ്മിൽ കെട്ടുപിണഞ്ഞ് കിടക്കുന്നു. ഒന്നിന്റെ അഭാവം മറ്റൊന്നിനെ പ്രതികൂലമായി ബാധിക്കുന്നു.

ഈ സ്വഭാവഗുണങ്ങൾ ആർജ്ജിക്കുന്നതിനുള്ള എളുപ്പവഴികൾ നിർദ്ദേശിക്കുക സുഗമമല്ല. നമ്മുടെ ചിന്തകൾ മാറ്റിയാൽ നമ്മുടെ ജീവിതവും മാറും. ഇത് പടിപടിയായി മാത്രമേ നടക്കൂ. സംഘർഷം, ഭയം, അസ്വസ്ഥത, നിദ്രാരാഹിത്യം, അപകർഷ വികാരങ്ങൾ, ശിഥിലമായ ചിന്തകൾ, നൈരാശ്യം തുടങ്ങിയ നിഷേധാത്മക ഭാവങ്ങളെ അതിജീവിക്കാൻ കുട്ടികളെ ചെറുപ്പം മുതലേ പ്രാപ്തരാക്കണം. വൈകാരിക പ്രശ്നങ്ങളുള്ള, ആത്മവിശ്വാസമില്ലാത്ത കുട്ടികളെ കൈകാര്യം ചെയ്യേണ്ടിവരുന്ന മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും എങ്ങനെ അവരെ സഹായിക്കാൻ കഴിയും എന്ന് ചോദിക്കാറുണ്ട്. നിങ്ങളുടെ സ്നേഹം, പരിചരണം, അംഗീകാരം ഇവയിലൂടെ കുട്ടികളുടെ ജീവിതത്തെ തൊട്ടുതലോടുക. അവന്റെ ആത്മാഭിമാനം പുഷ്ടിപ്രാപിക്കുന്നത് കാണാം.

കുടുംബാംഗങ്ങൾ പ്രാർത്ഥനാജീവിതമുള്ള വരും, പരസ്പരം സ്നേഹിക്കുന്നവരും സഹിഷ്ണുത കാണിക്കുന്നവരും ഒരുമിച്ചിരുന്ന് സ്നേഹിക്കുവാനും പ്രശ്നങ്ങൾ പങ്കുവയ്ക്കുവാനും സമയം കണ്ടെത്തുന്നവരുമാകണം. മാതാപിതാക്കളുടെ പരസ്പര സ്നേഹം കണ്ടു വളരാൻ കുടുംബത്തിൽ കുട്ടികൾക്ക് അവസരമുണ്ടാവുകയും സത്യം, നീതി, കരുണ, സമത്വം തുടങ്ങിയ മാനുഷീക മൂല്യങ്ങളുടെ വിളനിലമായി കുടുംബങ്ങൾ മാറുകയും വേണം.

അധ്വാനശീലവും ആത്മാഭിമാനവും കൂട്ടുത്തരവാദിത്വവും വളർത്തിയെടുക്കാനുള്ള അന്തരീക്ഷം വീട്ടിലുണ്ടാകണം. കുട്ടികളുടെ നിസ്സാരമായ നേട്ടങ്ങളും വിജയങ്ങളും അംഗീകരിക്കുവാനും അഭിനന്ദിക്കുവാനും തയ്യാറാവുക. ഒരിക്കലും മക്കളോടു പക്ഷഭേദം കാണിക്കരുത്. ആത്മധൈര്യത്തിന് സ്വാതന്ത്ര്യവും പ്രായത്തിനനുസരിച്ചുള്ള ഉത്തരവാദിത്വങ്ങളും കുട്ടികൾക്ക് നല്കണം. ആവശ്യത്തിന് സ്വാതന്ത്ര്യം കൊടുക്കുകയും പ്രായത്തിനനുസരിച്ചുള്ള ലൈംഗിക വിദ്യാഭ്യാസം നല്കുകയും വേണം. ആരോഗ്യകരമായ സുഹൃദ്ബന്ധങ്ങൾ വളർത്താൻ അവരെ പ്രോത്സാഹിപ്പിക്കണം.

മക്കൾക്ക് മാതൃകയാകുന്ന മാതാപിതാക്കളെയാണ് ഈ കാലഘട്ടത്തിന് ആവശ്യമായിരിക്കുന്നത് എന്ന വസ്തുത മനസ്സിലാക്കി കാലപ്രവാഹത്തിന്റെ ചാലകശക്തിയായി നമ്മുടെ കുഞ്ഞുങ്ങളെ മാറ്റുന്നവരായി മാതാപിതാക്കൾ മാറണം. ഈവിധത്തിൽ അവരുടെ മാനസീക വളർച്ചയെ സ്വാധീനിക്കാൻ നമുക്ക് കഴിഞ്ഞു എങ്കിൽ മാത്രമേ നാശകരമായ പതനത്തിന്റെ വക്കിൽ അവരെ സ്ഥിരതയുള്ളവരാക്കാൻ കഴിയുകയുള്ളു. ഓരോരുത്തർക്കും ഒരു ധനാത്മകശക്തിയായി നാം വർത്തിക്കുകയും തദ്വാര ലോകത്തിന് അമൂല്യമായ ഒരു നേട്ടമായി തീരുവാൻ കുട്ടിയെ സഹായിക്കുകയുമാണ്, ആത്മാഭിമാനം വളർത്തുക എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ആ കർത്തവ്യം നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.



ഫാ.ഡോ. ഒ.പി. വർഗീസ്

ഭദ്രാസനാധിപന്മാർ

മുറിമറ്റത്തിൽ തിരുമേനി രണ്ട് മലങ്കര മെത്രാപ്പോലീത്തമാരുടെ കീഴിൽ ഭദ്രാസന ഭരണം നടത്തിയിട്ടുണ്ട്. അതായത് 1909 ൽ കാലം ചെയ്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്ന്യാസിയോസ് തിരുമേനിയുടെയും, പിന്നീട് മലങ്കര മെത്രാപ്പോലീത്തയായി വന്ന വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെയും കൂടെ. പുലിക്കോട്ടിൽ തിരുമേനി കാലം ചെയ്യുന്നതിന് മുമ്പ് സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ കൂടി മലങ്കര മെത്രാപ്പോലീത്തയുടെ പിൻഗാമിയായി വട്ടശ്ശേരിൽ തിരുമേനിയെയും ഭദ്രാസന ഭരണത്തിനായി പൗലോസ് മാർ കൂറിലോസിനെയും തെരഞ്ഞെടുത്തു വാഴിച്ചിരുന്നു. ടി തിരുമേനിമാരെ പുലിക്കോട്ടിൽ തിരുമേനി സഭാ ഭരണം ഏല്പിക്കുമ്പോൾ പറഞ്ഞിരുന്നതാണ് - നിങ്ങൾ സഭയുടെ സ്വാതന്ത്ര്യത്തിനും തനിമക്കും വേണ്ടി ഒന്നിച്ചു നിൽക്കണം. - പാത്രിയർസീസ് മലങ്കരസഭയെ പിടിച്ചെടുക്കുവാൻ വരുന്നുണ്ട്. നിങ്ങൾ എല്ലാവരും ഒന്നിച്ചു നിൽക്കണം.

പക്ഷേ, സഭാനടപടികൾ നടപടിക്രമമനുസരിച്ച് നിറപടിയായി നിറവേറ്റുമ്പോൾ സാധാരണക്കാരായ സാധുക്കൾ സന്തോഷിക്കും. എന്നാൽ വലിയചേട്ടന്മാരും വലിയച്ചന്മാരും മറ്റു പ്രമാണിമാരും സ്വന്തലാഭത്തിന് വേണ്ടി മെത്രാപ്പോലീത്തായെ കാലുവാരി വെട്ടിൽ വീഴ്ത്താൻ ഒളിഞ്ഞും തെളിഞ്ഞും എല്ലാ ക്രൂരതകളും ചെയ്തു കൂട്ടും.

മലങ്കര സഭാചരിത്രത്തിൽ പള്ളി-ഭദ്രാസനം-സഭ; അച്ചൻ-വലിയച്ചൻ-കൊച്ചച്ചൻ; മൂത്ത കപ്യാർ-കൊച്ചു കപ്യാരന്മാർ; ആത്മേനി-വലിയചേട്ടന്മാർ - കൊച്ചേട്ടന്മാർ-അച്ചായൻ; മെത്രാച്ചൻ-തിരുമേനി-വലിയ തിരുമേനി-കൊച്ചുതിരുമേനിമാർ; കാതോലിക്കാ ബാവ-വലിയ ബാവ-ഇളയ ബാവ എന്നീ സ്ഥാപനങ്ങൾക്കും സ്ഥാനങ്ങൾക്കും വലിയ പ്രാധാന്യം ഉണ്ട്. കാരണം പള്ളി-ഭദ്രാസനം-സഭ ഭരണ കാര്യങ്ങൾ ഈ കപ്യാർ-അച്ചൻ-ആത്മേനി-തിരുമേനി-മാർ ആണ് നടത്തുന്നത്. പൊതുജന സംസാരം ശ്രദ്ധിക്കുക.

ദൈവം വസിക്കുന്ന ആലയമാണ് പള്ളി-സഭ. അതു നടത്തുവാൻ കർത്താവാൽ സ്ഥാപിതമായതാണ് മേല്പട്ടക്കാർ-പട്ടക്കാർ-ജനം. ഈ ബന്ധം. അതായത് കാതോലിക്ക ബാവ, മേല്പട്ടക്കാർ-പട്ടക്കാർ-ശെമ്മാശ്ശന്മാർ, ശുശ്രൂഷകർ - ഏറ്റവും വലുത് ജനം. (ആത്മേനിമാർ). ഈ ബന്ധങ്ങൾ പവിത്രമായി മുമ്പോട്ടു പോകുമ്പോൾ മാത്രമേ സഭയിൽ സമാധാനവും ശാന്തിയുമുണ്ടാവുകയുള്ളു.

.......മറിച്ചാകുമ്പോൾ..... പണ്ട് മുറിമറ്റത്തിൽ തിരുമേനി, പിറവം പള്ളി, കപ്യാര് പ്രശ്നം തീർത്തപ്പോൾ വലിയച്ചന്മാരും വലിയചേട്ടന്മാരും കൂടി തിരുമേനിയെ ധിക്കരിച്ചു. അവർ അന്ത്യോഖ്യാ പാത്രിയർക്കീസിനെ കണ്ട് തിരുമേനിക്ക് ഭദ്രാസന ഭരണത്തിൽ നിന്നു വിരമിക്കൽ കല്പന വാങ്ങി തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ പള്ളിയിൽ വായിപ്പിച്ച് പുറത്താക്കി. പക്ഷേ പരമഭക്തനായ - ശക്തനായ തിരുമേനിയുടെ വാക്കുകൾ അറം പറ്റുന്നതായിപ്പോയി. തിരുമേനിക്ക് എതിരായി പ്രവർത്തിച്ചത് വലിയച്ചന്മാരും-കൊച്ചച്ചന്മാരും- കൊച്ചു കപ്യാരും- വലിയചേട്ടന്മാരും ആയിരുന്നു.

മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരിൽ തിരുമേനിയുടെ ഭാഗമാണ് ശരി എന്ന് വാദിച്ചതാണല്ലോ മുറിമറ്റത്തിൽ തിരുമേനി ഇത്രയും എതിർപ്പ് പിറവത്തും വടക്കൻഭാഗത്തും നേരിടേണ്ടിവന്നത്. എന്നാൽ മലങ്കര സഭാ

നേതൃത്വം തിരുമേനിയെ കൈവിട്ടില്ല. മലങ്കരസഭയുടെ പ്രഥമ കാതോലിക്കയായി അദ്ദേഹത്തെ 1912ൽ നിരണം പള്ളിയിൽ വച്ച് അബ്ദുൽ മ്ശീഹ പാത്രിയർക്കീസ് സ്ഥാനാരോഹണം നടത്തി. പ്രായാധിക്യത്തിൽ വടക്ക് എവിടെ എങ്കിലും കബറടങ്ങണമെന്ന ആഗ്രഹപ്രകാരം പാമ്പാക്കുട ചെറിയ പള്ളിയിൽ വന്നു താമസിച്ചു. 1913 മെയ് 3 ന് കാലം ചെയ്തു. അവിടെ തന്നെ കബറടക്കി. ആണ്ടുതോറും ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിലെ പള്ളികളിൽ നിന്ന് തീർത്ഥയാത്രകൾ എത്തി തീരുമേനിയുടെ പെരുന്നാൾ കാതോലിക്ക ബാവ-മെത്രാപ്പോലീത്തന്മാർ-കോർ എപ്പിസ്കോപ്പാന്മാർ-വൈദികർ-ശെമ്മാശ്ശന്മാർ- ആചാരക്കണക്കിന് അയ്മേനിമാർ കൂടി ഭംഗിയായി നടത്തുന്നു.

അടുത്ത
പ്രീ–മാരിറ്റൽ കൗൺസിലിംഗ്
ജൂൺ 11 ശനിയാഴ്ച
രാവിലെ 8.30 മുതൽ
വൈകിട്ട് 5.30 വരെ
കോലഞ്ചേരി മെഡിക്കൽ
കോളേജിൽ വച്ച് നടത്തുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്:
9809808084

രചനകൾ ക്ഷണിക്കുന്നു

പ്രദീപ്തിയിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി ക്രിസ്തീയ ആശയങ്ങൾ ഉൾക്കൊള്ളുന്ന ലേഖനം, കഥ, കവിത, തുടങ്ങിയവ ക്ഷണിക്കുന്നു.
രചനകൾ മൗലീകമായിരിക്കണം.

അയയ്ക്കേണ്ട വിലാസം:
kandanadwest.org@gmail.com

കോട്ടയം വൈദിക സെമിനാരിയിൽ പ്രവേശനം ലഭിച്ചവർക്ക് ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ


വിബിൻ സാബു

ടോം ബേബി

A+ Grade 2015 -16

അഖില മലങ്കര സണ്ടേ സ്കൂൾ 7-ാം ക്ലാസ് മത്സരപരീക്ഷയിൽ നേടിയ ക്രിസ്റ്റിൻ വർഗീസ്. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ കിഴുമുറി സെന്റ് ജോർജ്ജ് സണ്ടേ സ്കൂൾ വിദ്യാർത്ഥിയും പുള്ളിയിൽ റവ. ഫാ. വർഗീസ് പി. വർഗീസിന്റെയും അനു വർഗീസിന്റെയും പുത്രനുമാണ്.

സുറിയാനി ഭാഷാ പരിചയം - DAYS OF WEEK

ഫാ. വർഗീസ് പി. വർഗീസ്

ഹാദ് ബ്ശാബൊ	Sunday	ܚܕ ܒܫܒܐ
ത്റേയ്ൻ ബ്ശാബൊ	Monday	ܬܪܝܢ ܒܫܒܐ
ത്ലോതൊ ബ്ശാബൊ	Tuesday	ܬܠܬܐ ܒܫܒܐ
അർബഓ ബ്ശാബൊ	Wednesday	ܐܪܒܥܐ ܒܫܒܐ
ഹമ്ശൊ ബ്ശാബൊ	Thursday	ܚܡܫܐ ܒܫܒܐ
റൂബ്തൊ	Friday	ܥܪܘܒܬܐ
ശബ്തൊ	Saturday	ܫܒܬܐ

ഓരോ കുടുംബത്തിനും ഒരു പ്രദീപ്തി

മലങ്കര ഓർത്തഡോക്സ് സഭ
കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ
ഔദ്യോഗിക പ്രസിദ്ധീകരണം

പ്രദീപ്തി ത്രൈമാസിക

ഒറ്റപ്രതി	– 20 രൂപ
വാർഷികം	– 75 രൂപ
2 വർഷം	– 150 രൂപ

ചെക്ക് / ഡി.ഡി.
അയക്കേണ്ട വിലാസം

ദി ട്രഷറർ, പ്രദീപ്തി
കണ്ടനാട് വെസ്റ്റ് ഭദ്രാസനം
പ്രസാദം സെന്റർ
കോലഞ്ചേരി

വാർഷിക വരിക്കാരായി ചേരുവാനും വരിസംഖ്യ പുതുക്കുവാനും അതാത് പള്ളിയിലെ പ്രദീപ്തിയുടെ ചുമതലക്കാരെ സമീപിക്കാവുന്നതാണ്.

സർക്കുലേഷൻ സംബന്ധിച്ച വിവരങ്ങൾക്ക്
സർക്കുലേഷൻ മാനേജർ, ഫാ. എബ്രാഹം കെ. ജോൺ. ഫോൺ : 9446216711

ആരാധനാ ഗാനങ്ങളുടെ അർത്ഥവും വേദപുസ്തക അടിസ്ഥാനവും

ഫാ. വർഗീസ് പി. വർഗീസ്

(സുറിയാനി ഗാനത്തിന്റെ ശരിയായ അർത്ഥം)

1. ദൈവ സുതൻമാരായിടുവാൻ.......

നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ നമ്മുടെ ജീവിതകാലത്ത് നമ്മെ പഠിപ്പിച്ചവരായ പിതാക്കന്മാരെ കുർബ്ബാനയിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അനശ്വരമായ ആ ദൈവരാജ്യത്തിൽ ദൈവപുത്രൻ നീതിമാന്മാരോടും പുണ്യവാന്മാരോടുകൂടെ അവരെ ആശ്വസിപ്പിക്കട്ടെ. (എബ്രാ. 13:7)

2. നിന്നാൾ സ്തുതിയോടു രാജമകൾ.....

രാജകുമാരി നിന്നെ സ്തുതിച്ചുകൊണ്ട് നിന്നു. നിന്റെ വലതു ഭാഗത്ത് രാജ്ഞി നിൽക്കുന്നു. നിന്റെ സൗന്ദര്യത്തെ മോഹിക്കുവാൻ നിന്റെ ജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്കുക (സങ്കീ. 45:9 - 11).

3. ഭക്തർപുകഴ്ചാ ഭാജനമേ......

അല്ലയോ വിശ്വാസികളുടെ അഭിമാനമേ, ഞങ്ങൾക്കെല്ലാവർക്കും കരുണ ലഭിക്കുവാൻ നിന്നിൽ നിന്ന് ഉദിച്ച ഏകജാതനോട് ഞങ്ങൾക്കുവേണ്ടി അപേക്ഷ അണയ്ക്കണമേ.

4. മന്നമകൾക്കായ്..........

ആ പ്രാധാന മാലാഖ ദാവീദിന്റെ മകൾക്ക് സമാധാനവും, പ്രത്യാശയും നൽകി അവളോട് പറഞ്ഞു; കർത്താവ് നിന്നോട് കൂടെ, അവൻ നിന്നിൽ നിന്ന് ഉദിക്കുന്നു. (വി.ലൂക്കോ. 1:28).

എല്ലാ സൃഷ്ടിയുടെയും ഉടയവനായ ആ കപ്പിത്താനെ വഹിച്ച് ആഘോഷിച്ച്, ബഹുമാനിച്ച കപ്പൽ മറിയാം ആകുന്നു.

5. മറിയാമിൻ സ്മരണം.....

മറിയാമിന്റെ ഓർമ്മ ഞങ്ങളുടെ അനുഗ്രഹത്തിനായി തീരണമേ. അവളുടെ പ്രാർത്ഥന ഞങ്ങളുടെ ആത്മാക്കൾക്ക് കോട്ടയാകണമേ.

ദൈവ പ്രസവിത്രി കന്യകമറിയാമിന് ഇതാ വായുമണ്ഡലത്തിൽ സുഗന്ധവാസന ഉയരുന്നു.

6. മോറാനീശോ.........

ഞങ്ങളുടെ കർത്താവേ, നിന്റെ സ്ലീബായാലും, നിന്നെ പ്രസവിച്ച മറിയാമിന്റെ പ്രാർത്ഥനയാലും അടികളെയും കോപത്തിന്റെ വടികളെയും ഞങ്ങളിൽ നിന്ന് നീക്കി മായിച്ചു കളയണമേ.

(തുടർച്ച..... പേജ് 7)

വിജനദേശത്ത് മറഞ്ഞിരിക്കുകയാണ്. മൗനത്തിന്റെ കൊടുമുടിയിൽ നിന്നാണ് ഇവർ ശബ്ദത്തിലേയ്ക്കിറങ്ങുക. എന്താണ് മൗനം? അത് മനുഷ്യരോടുള്ള മിണ്ടാതിരിക്കലല്ല; ദൈവത്തോടുള്ള സംഭാഷണമാണെന്ന് പൗരസ്ത്യർ നിസ്സംശയം പറയുന്നു. 'their mouth were sanctified because they coutinously talk with God' എന്നൊക്കെയാണ് അവർ പറയുന്നത്.

നമുക്കെത്ര ഭയമാണ് നിശ്ശബ്ദതയെ! ഒരു ട്രാഫിക് സിഗ്നൽ. ഒരു റോഡ് ബ്ലോക്ക്. അതുപോരേ നമ്മെ അസ്വസ്ഥരാക്കാൻ! മരുഭൂമിയിൽ നിന്ന് ആഴ്സെനിയൂസ് പറയുന്നു, ''സംസാരിച്ചതോർത്ത് പലപ്പോഴും പശ്ചാത്തപിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ സംസാരിക്കാതിരുന്നതോർത്ത് അങ്ങനെ ഉണ്ടായിട്ടില്ല.'' ശരിക്കും നാം നമ്മെത്തന്നെ അഭിമുഖീകരിച്ചിട്ടുണ്ടോ ഒരു നിമിഷമെങ്കിലും! മൗനം അതിലേയ്ക്കുള്ള വാതിലാണ്. ഫ്രാൻസിസ് പാപ്പായുടെ മൊഴിയെടുത്താൽ, ''എങ്ങനെയാണ് ഒരു വിശുദ്ധനുണ്ടാകുന്നത്. ജീവിതത്തിൽ ഇന്നുവരെ ആരെയും കുറ്റംപറഞ്ഞിട്ടില്ലാത്തതും വിധിക്കാത്തതുമായ ഒരുവനെ കണ്ടെത്തുക. അവൻ വിശുദ്ധനാണ്."

ശരിക്കും തമ്പുരാനോടുകൂടെയിരുന്നാണ് തന്റെ ശിഷ്യന്മാർ ഏവരും പ്രസംഗിപ്പാൻ പോയതും ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം നേടിയതും. ശിഷ്യത്വത്തിന്റെ ഈ കൂട്ടിരുപ്പിനെക്കുറിച്ചാണ് നമ്മുടെ തിരക്കുകൾക്കിടയിൽ നാം മറന്നുപോകുന്നത്. ഒരാൾ കുമ്പസാരത്തെക്കുറിച്ച് പറഞ്ഞതു പോലെ ഞാൻ അധികം പാപമൊന്നും ചെയ്തിട്ടില്ല; കാരണം പാപം ചെയ്യാൻ പോലും ഇപ്പോൾ സമയം കിട്ടാറില്ലത്രേ! സത്യത്തിൽ നമുക്ക് പ്രാർത്ഥിക്കാൻ പോലും സമയം കിട്ടാറില്ലല്ലോ! പിന്നെയല്ലേ തമ്പുരാന്റെ ഒപ്പമിരിക്കാൻ!

അന്ന റോയ് ചെമ്മനം

ഏകാന്തതാരകം

ഒന്നുമേ അറിയാതെ
ഒന്നുമേ ചൊല്ലാതെ
അറിയാതൊരെന്നിലെ
നോവായ് നീ മാഞ്ഞുവോ

തിരികെവരുകയില്ലെന്നറിയാമതെങ്കിലും
നീറുന്നൊരീ മൺവീഥിയിൽ
നിൻ നനുത്ത ഓർമ്മകൾ
എൻ തോളോടുചേരുന്നു.

ആരോരുമറിയാതെ ഇരുൾ
മായിച്ചൊരോർമ്മകളിൽ
എന്തിനോ തേടുന്നു
ഞാൻ നിൻ സാമീപ്യം

കിനാവുപോൽ എന്നിലെ
നോവായ് നീ അകലുമ്പോൾ
ഒരേകാന്തകാരം പോൽ
ഞാൻ ഏകയായ്.

✠

മെറിൻ എൽദോ

പശ്ചാത്താപം

ഒരു കൊച്ചു ഗ്രാമത്തിൽ ഒരു ധനികനായ മനുഷ്യൻ ജീവിച്ചിരുന്നു. അയാളുടെ പേര് വർക്കി എന്നായിരുന്നു. അയാൾക്ക് ഭാര്യയും രണ്ട് മക്കളും ഉണ്ടായിരുന്നു. വർക്കി വളരെ അഹങ്കാരത്തോടും ആഡംബരത്തോടും കൂടി ജീവിച്ചിരുന്നു. അങ്ങനെയിരിക്കെ അവർ ഒരു ദിവസം പുറത്തു പോയപ്പോൾ ഒരു ലോറി പാഞ്ഞു വന്ന് അവരുടെ കാറിലിടിച്ചു. വർക്കിയുടെ മൂത്തമകളായ മിന്നുവിന്റെ നില ഗുരുതരമായി വന്നു. പെട്ടെന്ന് തന്നെ ആശുപത്രിയിലേക്ക് അവളെ കൊണ്ടുപോയി. "ഞങ്ങൾ പരമാവധി ശ്രമിച്ചു. ഇനി ദൈവത്തോട് പ്രാർത്ഥിക്കുക മാത്രമേ രക്ഷയുള്ളൂ" എന്ന് ഡോക്ടർ പറഞ്ഞു. പക്ഷേ വർക്കി വളരെ അഹങ്കാരത്തോടെയും പ്രതാപത്തോടെയും പറഞ്ഞു. "എന്റെ മകൾക്ക് ഞാൻ വേറെ വലിയ ചികിത്സകൾ ചെയ്ത് അവളെ രക്ഷപ്പെടുത്തിക്കൊള്ളാം. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നില്ല. ഞാനാണ് ഇത്രയും കാലം അവളെ വളർത്തിയത്". ഡോക്ടർ ഒന്നും പറയാതെ തിരിച്ചു പോയി. പിന്നെയും മിന്നുവിന്റെ നില ഗുരുതരമായി വന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ മിന്നു മരണമടഞ്ഞു. എല്ലാവരും കണ്ണുനീരോടെ മിന്നുവിന് വിട പറഞ്ഞു. വർക്കി വളരെ വിഷമിച്ചിരുന്നപ്പോൾ ഇളയ മകൻ മനു വന്ന് വർക്കിയോട് പറഞ്ഞു. "അപ്പച്ചൻ കാരണമാണ് നമുക്ക് ചേച്ചിയെ നഷ്ടമായത്. അപ്പച്ചൻ അന്ന് ദൈവത്തോട് പ്രാർത്ഥിച്ചിരുന്നെങ്കിൽ ചേച്ചി ഇന്ന് ജീവിച്ചിരുന്നേനെ". അന്ന് രാത്രിയിൽ അയാൾക്ക് ഉറങ്ങാനായില്ല. തന്റെ ദുഷ്പ്രവൃത്തികൾ ഓർത്ത് ഓർത്ത് വർക്കി അനുതപിച്ച് കരഞ്ഞുകൊണ്ടിരുന്നു. പിന്നീട് വർക്കി പശ്ചാത്തപിച്ച് ദൈവഭക്തിയോടും ദൈവസ്നേഹത്തോടും കൂടി വർഷങ്ങളോളം ജീവിച്ചു. ✠



ഗ്രിഗറി ബേബി

ഒരു വൃദ്ധന്റെ അതിശയകരമായ മറുപടി

ഇക്കാലത്ത് മനുഷ്യർക്ക് ശരീരത്തിന് വ്യായാമമില്ല. രാവിലെയും വൈകിട്ടും നടന്നും ഓടിയും വ്യായാമം നടത്തണം. അങ്ങനെ ഒരു യുവാവ് വൈകുന്നേരം നടക്കാനിറങ്ങിയപ്പോൾ വഴിയരികിൽ ഒരു വൃദ്ധൻ ക്ഷീണിതനായി നിൽക്കുന്നതുകണ്ടു. യുവാവ് വൃദ്ധനോട് "അപ്പൂപ്പാ അങ്ങേയ്ക്ക് എന്താണ് ഇത്ര ക്ഷീണം". വൃദ്ധൻ, "എന്റെ കുഞ്ഞേ, ദിവസവും എനിക്ക് ഭാരമേറിയ ധാരാളം ജോലികൾ ചെയ്ത് തീർക്കുവാനുണ്ട്, അതായത് രണ്ടു കാട്ടുപ്രാക്കൾ പറന്നു പോകാതെ നോക്കണം, രണ്ടു മുയലുകൾ ഓടിപ്പോകാതെ നോക്കണം, രണ്ടു കഴുകന്മാരെ വളർത്തണം, ഒരു പാമ്പിനെ എല്ലായ്പ്പോഴും സൂക്ഷിക്കണം. രണ്ടു സിംഹത്തെ ചങ്ങലകൊണ്ട് ബന്ധിച്ചു ഭരിക്കണം, ഒരു രോഗിയെ ശുശ്രൂഷിക്കണം". ഇതു കേട്ട യുവാവ് ഒരു നേരം പോക്ക് എന്ന നിലയിൽ പൊട്ടിച്ചിരിച്ചു. എങ്കിലും യുവാവ് വൃദ്ധനോട് ഇപ്രകാരം ചോദിച്ചു.

"അങ്ങ് ജോലികൾ എല്ലാംകൂടി എങ്ങനെയാണ് ചെയ്യുക?" വൃദ്ധൻ മറുപടി പറഞ്ഞു "കാട്ടുപ്രാക്കൾ" എന്റെ രണ്ടു കണ്ണുകളാണ്. അവ പറന്നു പോയി ഈ ലോകമായയിൽ എന്റെ ജീവിതം വഴിതെറ്റാതിരിപ്പാൻ ഞാൻ സൂക്ഷിക്കണം. "മുയലുകൾ" എന്റെ കാലുകളാണ്. അവ ദോഷവഴികളിൽ കൂടി പോകാതിരിക്കുന്നതിന് ഞാൻ അവയെ സൂക്ഷിക്കണം. "രണ്ടു കഴുകന്മാർ" എന്റെ കൈകളാണ്. ഞാൻ എന്റെ കൈകളെ എന്റെ സ്നേഹിതന്മാർക്കും എന്റെ ഉപജീവനത്തിനായും വേല ചെയ്യിക്കണം. "പാമ്പ്" എന്റെ നാക്കാണ്. വേദപുസ്തകഭാഷയിൽ പറയുകയാണെങ്കിൽ അതിനെ കടിഞ്ഞാണിടണം. "സിംഹം" എന്റെ ഹൃദയമാണ്. നിഗളം, അസൂയ തുടങ്ങിയ ദോഷങ്ങൾ എന്നിൽ ഭരണം നടത്താതിരിപ്പാൻ സൂക്ഷിക്കണം. "രോഗി" എന്റെ ശരീരമാണ്. അതിനുവേണ്ടി ഞാൻ എല്ലായ്പ്പോഴും കരുതേണ്ടതാണ്. അതിനെ സൂക്ഷിക്കാതിരുന്നാൽ ഞാൻ ക്ഷീണിതനാകും. മറുപടി കേട്ട യുവാവ് നിശബ്ദനായി. ഈ മറുപടി നമുക്കും ആദരണീയമായി തോന്നുന്നില്ലേ. ഈ കഥയിൽ പറഞ്ഞതുപോലെ നമ്മുടെ അവയവങ്ങളെ നന്മയ്ക്കായി മാത്രം വിനിയോഗിക്കുക.

✠

ചിരിമരം

ഡോ. ജെ.കെ.എസ്.വീട്ടൂർ

ഒരു നാളിൽ പൗർണമി രാവിൽ
ചിരിയുതിരും ശബ്ദം കേട്ട്
സുഖനിദ്ര വെടിഞ്ഞെഴുന്നേറ്റ്
ചെറുമുറ്റത്തെത്തി ഞാനും.

സുരലോകം വാരിയെറിഞ്ഞ
ചിരിമുത്തുകൾ അങ്കണമാകെ
അതിലൊരു മണി കയ്യിലെടുത്ത്
പുഴയോരത്തെത്തീ ഞാനും
തരിമണലിൽ ചെറുകുഴി താഴ്ത്തി
ചിരിമണി താൻ നിക്ഷേപിച്ചു...
ചിരിമരമൊന്നുണ്ടാവാനായ്...
ചിരമെന്നിൽ കുളിരാവാനായ്...

സുമരാജികൾ പുളിനം നിറയെ
പുതുചിരിതൻ തിരമാലകളായ്
ചെറുകുരുവിക്കൂട്ടം തമ്മിൽ
കുളിരോലും കഥകൾ പറഞ്ഞു.

പലവുരു ഞാൻ തേവി നനച്ചു
കുയിൽ ജാലം തുയിലുമുണർത്തി
പുലരൊളിയിൽ കണ്ണിമചിമ്മി
ഇലയൊന്നു വിടർന്നു... വളർന്നു...
പുഴയോരത്തേകാന്തയിൽ
ചെറുചിരി ഞാനൊന്നു പൊഴിച്ചു.

തളിരിലകൾ തളിരില വീണ്ടും
തളിരിട്ടു കിനാക്കളുമൊപ്പം
ചെറുചിരി ഞാൻ നട്ടുവളർത്തി
പെരു ചിരി ഞാൻ കൊയ്തിടുമല്ലോ

കളയാണോ വിളയാണോയീ
പുളിനങ്ങളിലാർത്തു വളർന്നു
നാൾതോറും വളരുവതൊക്കെ
പാഴ്മരമായ് ഫലമേകില്ല

കളയെന്നും വിളയെ വലയ്ക്കും
വകവയ്ക്കാ വിളവയ്ക്കുന്നോർ
കളമാറ്റാൻ കരുതലു വേണം
വിളയേറ്റിപ്പോകണമെങ്കിൽ.

ആദ്യത്തെ ശിഖര നിരയക്ക്
പുഞ്ചിരികൾ നൂറു വിരിഞ്ഞു
രണ്ടാംനിര ശാഖകൾ നിറയെ
വൻചിരികൾ മൊട്ടികളിട്ടു.
പിന്നെയും വളരുകയാണെൻ
ചിരിമരമോ മാനം നോക്കി!

ഉയരത്തെ കൊമ്പിൽ നിറയെ
പരിഹാസച്ചിരിയുടെ മൊട്ട്
താഴത്തെ ചില്ലകൾ പേറും
ചിരിമൊട്ടുകൾ തട്ടിയടർത്തി.

ധരണിയിലെ പച്ചപ്പാകെ
പരിഹാസച്ചിരി നിറയുമ്പോൾ
കരയണമോ ചിരിതൂകണമോ
കരുതലുകൾ വേണമതൊന്നും.

മരമേതും വലുതാകുമ്പോൾ,
ഉയരങ്ങൾ കയ്യേറുമ്പോൾ,
പരിഹാസച്ചിരി മൊട്ടുകളേ
വിടപങ്ങൾ തോറും വിരിയൂ.

അതിനാലെൻ ചിരിമരമെല്ലാം
ശിഖരങ്ങൾ കോതിയൊതുക്കി
കയ്യുയരെ നിർത്തുന്നു ഞാൻ
ചെറു ചിരികൾ വേണമതേറെ.

ചെറു ചിരികൾ വേണമതേറെ
വറുതികളിൽ കരളു നിറയ്ക്കാൻ
പലരായി പലനാടുകളിൽ
ചിരിമണികൾ നട്ടു വളർത്താൻ

SUNDAY SCHOOL

ക്രിസ്റ്റി വർഗീസ് പാമ്പാക്കുട

ദൈവം എന്റെ പരമാനന്ദം

ദൈവത്തെ തന്റെ പരമാനന്ദമായി സങ്കീർത്തനക്കാരൻ കാണുമ്പോൾ: നമ്മുടെ പരമാനന്ദം എന്താണ്? ഭൗതിക വസ്തുക്കളോ ഉപാധികളോ ആകാം. പക്ഷേ അവയിൽ നിന്നും ലഭിക്കുന്ന സന്തോഷങ്ങളും അനുഭൂതികളും ക്ഷണികവും നശ്വരവുമാണ്. നിത്യനായ ദൈവം നമ്മുടെ ജീവിതത്തിന്റെ പരമാനന്ദമാകണം. പൗലോസ് ശ്ലീഹ പറയുന്നു: "കർത്താവിൽ സന്തോഷിക്കുവിൻ" (ഫിലി. 3:1). ഇന്നത്തെ ലോകം ദൈവികമൂല്യങ്ങൾ വിസ്മരിക്കുമ്പോൾ യഥാർത്ഥവും സുസ്ഥിരവുമായ ആനന്ദം ക്രിസ്തുവിൽ മാത്രമാണെന്ന തിരിച്ചറിവ് നമ്മിലുണ്ടാകണം.

ഇന്നത്തെ സമൂഹത്തിൽ ആനന്ദിക്കുവാനും സന്തോഷിക്കുവാനുമുള്ള നിരവധി മാർഗ്ഗങ്ങൾ ഉണ്ട്. എന്നാൽ സുസ്ഥിരമായ ആനന്ദം ദൈവം മാത്രമാണ് യിസ്രായേലിന്റെ മഹാരാജാവും നിബിയും മധുരഗായകനുമായ ദാവീദ് രാജാവ് തന്റെ സന്തോഷവും ആഹ്ലാദവുമെല്ലാം ദൈവത്തിലാണ് വച്ചിരിക്കുന്നതെന്ന് 43-ാം സങ്കീർത്തനത്തിൽ പറയുന്നു. അതുപോലെ ദൈവമാണ് എന്റെ പരമാനന്ദം: അതു കഴിഞ്ഞേ മറ്റേതുവിധത്തിലുമുള്ള സന്തോഷത്തിനും ആനന്ദത്തിനും പ്രാധാന്യമുള്ളൂവെന്ന് മനസ്സിലാക്കുവാൻ നമുക്ക് കഴിയണം. എന്റെ ദൈവത്തിങ്കലേക്കു ഞാൻ ചെല്ലും എന്നുള്ള തീരുമാനം പലവിധത്തിലുള്ള അനുഭവത്തിലേക്കും നമ്മെ നയിക്കുന്നു.

ദൈവനിയോഗം പ്രാപിക്കുവാൻ; ദൈവത്തിന്റെ ആലോചന ശ്രവിക്കുവാൻ; ദൈവസന്നിധിയിൽ ഹൃദയം പകരുവാൻ; സന്തോഷകരമായ അനുഭവം പങ്കുവയ്ക്കുവാൻ; ദൈവസന്നിധിയിൽ നമ്മുടെ ആഹ്ലാദവും സന്തോഷവും സമർപ്പിക്കുവാൻ - ഇതിനെല്ലാം നാം ദൈവസന്നിധിയിൽ എത്തുന്ന അനുഭവമാണ് നമ്മെ ദൈവത്തോടുള്ള ശ്രേഷ്ഠമായ ബന്ധത്തിൽ കാത്തുസൂക്ഷിക്കുന്നത്.

✠



വെരി. റവ. പി.യു. കുര്യാക്കോസ്
കോറെപ്പിസ്കോപ്പ

ബൈബിൾ ക്വിസ്

A. പഴയനിയമം (റഫറൻസ്: പുറപ്പാട്)

1. സ്വന്തം കുഞ്ഞിന് ശമ്പളം വാങ്ങി മുലപ്പാൽ കൊടുത്ത സ്ത്രീയുടെ പേരെന്ത്?
2. ദൈവത്തിന്റെ പിൻഭാഗം കണ്ടയാൾ.
3. അഗ്നിയിൽ അവസാനിക്കുന്ന ഒരു പുസ്തകം.
4. സമാഗമന കൂടാരത്തിന്റെ അക്കൗണ്ടന്റ് ആരായിരുന്നു?
5. രണ്ടു വസ്തുക്കൾ തമ്മിൽ വേർപെടുത്തുന്നതിന് പറയുന്ന വാക്കും ബൈബിളിലെ ഒരാളിന്റെ പേരും ഒന്നാണ്. ഏത്?
6. സമാഗമന കൂടാരം പണിത പ്രധാന ശില്പികൾ
7. ആരാണ് സമാഗമന കൂടാരവും യാഗപീഠവും ശുദ്ധീകരിക്കുന്നത്.
8. ദൈവ കല്പന എഴുതിയ കൽപ്പലക നിർമ്മിച്ചതാരാണ്.
9. രെഫീദീമിന്റെ അപരനാമം ഏത്?
10. മന്നായുടെ ആകൃതി എന്തായിരുന്നു.

B. പുതിയ നിയമം (റഫറൻസ്: വി. മത്തായി)

11. ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തവരെ ദൈവത്തിൽ എന്തിൽ ഏല്പിച്ചു.
12. പൗലോസിന്റെ റോമ ലേഖനം എഴുതിയത് ആര്?
13. നമ്മുടെ ബലഹീനതയ്ക്ക് തുണ നിൽക്കുന്നതാര്?
14. യഥാർത്ഥ പരിച്ഛേദന ഏതാണ്.
15. നീതിയെ പിൻതുടരാത്ത ജാതിക്കാർ എന്താണ് പ്രാപിച്ചത്

C. വിശ്വാസ സംബന്ധമായതും സഭാചരിത്രവും

16. പ്രധാന തലവൻ കാതോലിക്കായും അദ്ദേഹത്തിന്റെ കീഴിൽ രണ്ട് പാത്രിയർക്കീസന്മാരുമുള്ള ഓറിയന്റൽ ഓർത്തഡോക്സ് സഭ ഏത്?
17. സഭയുടെ പുതുക്കം എന്നറിയപ്പെടുന്ന ഞായറാഴ്ച ഏത്?
18. പരുമലയിൽ കബറടങ്ങിയിരിക്കുന്ന കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത ആര്?
19. ഇന്ത്യയിലെ ആദ്യത്തെ അകത്തോലിക്കാ സെമിനാരി?
20 കാതോലിക്കയാൽ കബറടക്കപ്പെട്ട മലങ്കരയിലെ ആദ്യത്തെ കാതോലിക്ക?

ഉത്തരങ്ങൾ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി: 30-05-2016

കഴിഞ്ഞ ലക്കം ബൈബിൾ ക്വിസ് ഉത്തരങ്ങൾ

1. യൗസേഫ്
2. യെഗർ - സാഹദൂഥാ
3. തൂബൽ കയീൻ
4. ശേബാ
5. ശിബാ
6. യിശ്മായേൽ
7. പ്രതിയോഗിയോട്
8. സ്വന്തം വസ്ത്രം
9. ജാതികളുടെ
10. മഹത്വത്തിന്റെ സിംഹാസനം
11. ക്രിസ്തുവിന്റെ രാജ്യം
12. യോഹന്നാൻ, യേശു
13. പാറക്കലീത്താ
14. റൂശ്മാ
15. ഓശാന കഴിഞ്ഞുവരുന്ന സന്ധ്യക്ക്
16. വാരപ്പെരുന്നാൾ
17. രണ്ടാമത്തെ റൂശ്മായിൽ
18. വി. ദൈവമാതാവിന്
19. അഹറോന്റെ ക്രമം
20. റഷ്യൻ ഓർത്തഡോക്സ് സഭ

കഴിഞ്ഞ ലക്ക വിജയി

സീലിയ ജോർജ്ജ്
കല്ലൂക്കാരൻ
കോലഞ്ചേരി

അയക്കേണ്ട വിലാസം
ചീഫ് എഡിറ്റർ, പ്രദീപ്തി
പ്രസാദം സെന്റർ, കോലഞ്ചേരി

ഭദ്രാസന വാർത്തകൾ

പ്രാർത്ഥനയോഗം വാർഷികം

ഭദ്രാസന പ്രാർത്ഥനായോഗത്തിന്റെ പന്ത്രണ്ടാമത് വാർഷിക സമ്മേളനം ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മാർച്ച് 5 ന് പാമ്പാക്കുട ചെറിയ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. വിവിധ ഇടവകളിൽ നിന്നായി 28 വൈദികരും ആയിരത്തലധികം പ്രതിനിധികളും പങ്കെടുത്തു. 600ൽ അധികം പേർ പങ്കെടുത്ത മെഗാ ക്വിസിന് ഫാ. ഡോ. ഒ.പി. വർഗീസ് നേതൃത്വം നല്കി. അഡാർട്ട് പ്രൊജക്ട് ഡയറക്ടറായ ഡോ. എൻ.എം. സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. ഭദ്രാസന സെക്രട്ടറി ഫാ. സി.എം. കുര്യാക്കോസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് അബ്രാഹാം കോനാട്ട്, അഖില മലങ്കര പ്രാർത്ഥനായോഗം ജന.സെക്രട്ടറി ഫാ. ഗീവർഗീസ് ജോൺ, ബാബു പള്ളിക്കാക്കുടി, റജി വർഗീസ് കാർലേത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിൽ വിവിധ മത്സര ഇനങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സെൻട്രൽ സോൺ സെക്രട്ടറി ശ്രീ. തോമസ് പോട്ടക്കാട്ടിലിന്റെ കൃതജ്ഞത അർപ്പിച്ചു.

പ്രീ-മാരിറ്റൽ കൗൺസിലിംഗ്

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് ഹോസ്പിറ്റലിൽ നടത്തിയ പ്രീ-മാരിറ്റൽ കൗൺസിലിംഗിൽ 47 പേർ പങ്കെടുത്തു. ക്ലാസ്സുകൾക്ക് കൗൺസിലർ ശ്രീ. ഫ്രാൻസിസ് മൂത്തേടൻ, പീഡിയാട്രിക്സ് പ്രൊഫ. ഡോ. ഐസക്ക് മത്തായി, ഗൈനക്കോളജി പ്രൊഫ. ഡോ. മിനി ഐസക്ക്, ഫാ. ജോൺ കുര്യാക്കോസ്, ഫാ. വിവേക് വർഗീസ് തുടങ്ങിയവർ നേതൃത്വം നല്കി.

വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്നവർക്കായുള്ള 2016 ലെ അടുത്ത കൗൺസിലിംഗ് ക്ലാസ്സുകൾ താഴെ പറയുന്ന ദിവസങ്ങളിൽ മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജിൽ വെച്ച് നടത്തുന്നതാണ്. ജൂൺ 11, സെപ്തംബർ 10, ഡിസംബർ 10. ഈ കോഴ്സിന്റെ അപേക്ഷാ ഫോം www.kandanadwest.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവാഹം പദ്ധതി ഉദ്ഘാടനം.

ഭദ്രാസനത്തിന്റെ പുതിയ ജീവകാരുണ്യ പദ്ധതി 'പ്രവാഹം' 2000 നിർദ്ധനരായ രോഗികൾക്ക് സൗജന്യ ഡയാലിസിസ് പ്രതിവർഷം ചെയ്തുകൊടുക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ വെച്ച് നടന്ന ആറാം മാർത്തോമ്മ അവാർഡ്ദാന ചടങ്ങിൽ ആ പള്ളി ഇടവകാംഗം കെ.വി. തോമസ് കുന്നുംപുറത്തിന് ആദ്യ ചികിത്സാസഹായം നല്കി പരിശുദ്ധ കാതോലിക്ക ബാവാ നിർവ്വഹിച്ചു. അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത സന്നിഹിതനായിരുന്നു.

ഒ.വി.ബി.എസ്.

ഭദ്രാസനത്തിലെ വിവിധ ഇടവകളിലെ സൺഡേ സ്കൂളുകളിൽ 17 യൂണിറ്റുകളിലായി 1696 വിദ്യാ ർത്ഥികൾ, വെക്കേഷൻ ബൈബിൾ സ്കൂളിൽ സംബന്ധിച്ചു, വേദപഠന ക്ലാസ്സുകൾ, ഗാനപരിശീലനം, വിവിധ പ്രായോഗിക പരിശീലനങ്ങൾ തുടങ്ങിയവ കുട്ടികൾക്ക് നവ്യാനുഭവമായി. 288 അദ്ധ്യാപകർ സേവനം അനുഷ്ഠിച്ചു.

ആറാം മാർത്തോമ്മ അവാർഡ്

നമ്മുടെ ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ ഏർപ്പെടുത്തിയ ആറാം മാർത്തോമ്മ അവാർഡിന് അർഹനായി. സമൂഹത്തിലെ നിരാശ്രയർക്കും നിരാലംബർക്കുമായുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങൾ മാനിച്ചാണ് അവാർഡ്. ഇപ്പോൾ ജീവകാരുണ്യാർത്ഥം 13 പ്രസ്ഥാനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. നൂതന പദ്ധതിയായ പ്രവാഹവും പ്രസ്തുത അവാർഡ് സമ്മേളനത്തിൽ ഉദ്ഘാടനം ചെയ്തു.

പരിശുദ്ധ ഒന്നാം കാതോലിക്ക ബാവായുടെ 103-ാം ഓർമ്മപ്പെരുന്നാൾ

മലങ്കരസഭയുടെ പ്രഥമ കാതോലിക്കായും കണ്ടനാട് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായുമായിരുന്ന മോറാൻ മോർ ബസ്സേലിയോസ് പൗലോസ് പ്രഥമൻ ബാവയുടെ 103-ാം ഓർമ്മപ്പെരുന്നാൾ മെയ് മാസം 1, 2, 3 (ഞായർ, തിങ്കൾ, ചൊവ്വ) തീയതികളിൽ പരിശുദ്ധ പിതാവ് കബറടങ്ങിയിരിക്കുന്ന പാമ്പാക്കുട സെന്റ് തോമസ് ഓർത്തഡോക്സ് ചെറിയപള്ളിയിൽ ആഘോഷിക്കുന്നു. മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ മുഖ്യകാർമ്മികത്വം വഹിക്കും. കൊച്ചി ഭദ്രാസനാധിപൻ ഡോ. യാക്കോബ് മാർ ഐറേനിയോസ്, അങ്കമാലി ഭദ്രാസനാധിപൻ യൂഹാനോൻ മാർ പോളിക്കാർപ്പോസ് എന്നിവർ സഹകാർമ്മികരായിരിക്കും. പെരുന്നാൾ ചടങ്ങുകൾക്ക് തുടക്കം കുറിച്ച് 24 ന് വികാരി ഫാ. എബ്രാഹാം പാലപ്പിള്ളി കൊടിയുയർത്തി. മെയ് 2 ന് വി.കുർബ്ബാന, വൈകിട്ട് 5 ന് കാൽനട തീർത്ഥാടകർക്ക് സ്വീകരണം, സന്ധ്യാപ്രാർത്ഥന, അനുസ്മരണ പ്രഭാഷണം, ധൂപപ്രാർത്ഥന, ശ്ലൈഹീക വാഴ്വ്, ആശീർവാദം. മെയ് 3 ന് പരി. കാതോലിക്ക ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന, കബറിങ്കൽ ധൂപപ്രാർത്ഥന, പ്രദക്ഷിണം, ആശീർവാദം, നേർച്ച സദ്യ എന്നിവയോടെ പെരുന്നാൾ ചടങ്ങുകൾ സമാപിക്കും.

പ്രാർത്ഥനായോഗം സൗത്ത് സോണൽ മീറ്റിംഗ്

അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ ആദ്യ സോണൽ മീറ്റിംഗ് മണ്ണൂകുന്ന് സെ.മേരീസ് കത്തീഡ്രലിൽ വച്ച് മെയ് മാസം 14-ാം തീയതി ശനിയാഴ്ച വൈകിട്ട് 4 മണിമുതൽ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. പ്രാർത്ഥനായോഗത്തിന്റെ പെരുവ - മുളക്കുളം മേഖലകളിലെ പള്ളികളിൽ നിന്നുള്ള പ്രതിനിധികൾ സോണൽ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണെന്ന് സെക്രട്ടറി റജി വർഗീസ് അറിയിക്കുന്നു.

യാത്രയയപ്പ്

ഉദ്യോഗാർത്ഥം വിദേശത്തേക്ക് പോകുന്ന പെരുമ്പടവം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലെ പ്രദീപ്തി ഇടവക പ്രതിനിധി ജിറിൾ സണ്ണിക്ക് വെരി. റവ. ഫാ. പി.യു. കുര്യാക്കോസ് കോർ എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം യാത്രയയപ്പ് നല്കി.

ഡയാലിസിസ് സെന്റർ ഉദ്ഘാടനം

കർമ്മേൽകുന്ന് പള്ളിയുടെ പിറവം ജെ.എം.പി. മെഡിക്കൽ സെന്ററിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡയാലിസിസ് സെന്ററും നെഫ്റോളജി ഒ.പി. വിഭാഗവും കർമ്മേൽകുന്ന് പള്ളിവികാരിയും പീസ് ഫൗണ്ടേഷൻ വൈസ് ചെയർമാനുമായ റവ. ഫാ. ടി.പി.കുര്യൻ തളിയച്ചിറ ഉദ്ഘാടനം ചെയ്തു.

മെത്രാഭിഷേകത്തിന്റെ 25-ാം വാർഷികം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപനും പ. സുന്നഹദോസ് സെക്രട്ടറിയുമായ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ 25 -ാം വാർഷികത്തോടനുബന്ധിച്ച് കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിൽ നിന്ന് യു.എ.ഇ.യിൽ സേവനമനുഷ്ടിക്കുന്ന അംഗങ്ങളുടെ ഒരു യോഗം അലൈൻ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ദൈവാലയത്തിൽ വച്ച് ഏപ്രിൽ മാസം 22 ന് നടത്തപ്പെട്ടു.

പ്രസ്തുതയോഗത്തിൽ മാർ സേവേറിയോസ് മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തി. അവസാനശ്വാസം വരെയും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് സാധാരണക്കാർക്കു വേണ്ടി പ്രവർത്തിക്കുവാനാണ് താൻ ആഗ്രഹിക്കുന്നത് എന്ന് തന്റെ സ്വന്തം ജീവിതാനുഭവങ്ങൾ സ്മരിച്ചുകൊണ്ട് അദ്ദേഹം പ്രസ്താവിച്ചു. അഭിവന്ദ്യ മെത്രാപ്പോലീത്താ നടത്തുന്ന വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് യോഗം പിന്തുണ അറിയിച്ചു. ശ്രീ. രാജു വർഗീസ്, ശ്രീ. സി.എം. എബ്രഹാം എന്നിവർ ചേർന്നു അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആദരിച്ചു. ഫാ. ജോൺ സാമുവൽ, ഫാ. ലൈജു മർക്കോസ്, ശ്രീ. ഏലിയാസ് വർഗീസ്, ശ്രീ. ജിയോ പോൾ ചെമ്മനം എന്നിവർ പ്രസംഗിച്ചു.

സെന്റ് ജോർജ്ജ്
ഓർത്തഡോക്സ് പള്ളി
കടമറ്റം

വി. ഗീവറുഗീസ് സഹദായുടെ
ഓർമ്മപെരുന്നാൾ

2016 മെയ് 6,7 (വെള്ളി, ശനി)
തീയതികളിൽ

Published by : Rev. Fr. Dr. O.P. Varghese for Kandanadu West Diocese of Malankara Orthodox Church,
Chief Editor: Rev. Fr. John Kuriakose Potharayil, Prasadam Centre, Kolenchery, Ernakulam-682 311
Printed at Printa Multicolor Offset Press, Kolenchery